ടൂറിസം റിസോഴ്സ്ഡയറക്ടറി

(കരട്)

പെഷർ പ്രോജക്ട്

ഉദയനാപുരം ഗ്രാമപഞ്ചായത്ത്

തയ്യാറാക്കിയത്

ഉത്തരവാദിത്ത ടൂറിസം മിഷൻ
ടൂറിസംവകുപ്പ്

Better Together
Kerala's Responsible Tourism Initiative

kerala
God's Own Country

- **ഉദയനാപുരം ഗ്രാമപഞ്ചായത്ത്**

പൊതുവിവരങ്ങൾ

പ്രദേശിക ചരിത്രം

സാമൂഹിക സാംസ്കാരിക ചരിത്രം

ആരാധനാലയങ്ങൾ

പരിസ്ഥിതി

കാലാവസ്ഥ

മണ്ണ്

ജലസ്രോതസ്സുകൾ

ഗ്രാമീണജീവനോപാധികൾ

മത്സ്യബന്ധനം

പരമ്പരാഗത തൊഴിലുകൾ

തഴപ്പായ നെയ്ത്ത്

കൃഷി

ഔഷധ സസ്യങ്ങൾ

മരുന്നുകഞ്ഞി

അനുഷ്ഠാനകലകൾ

തീയാട്ട്

ഗരുഡൻ തൂക്കം

സർപ്പം തുള്ളൽ

തിരുവാതിരകളി

ഉദയനാപുരം ഗ്രാമപഞ്ചായത്ത്

പൊതുവിവരങ്ങൾ

ജില്ല : കോട്ടയം

ബ്ലോക്ക് : വൈക്കം

വിസ്തൃതി : 2015 ഹെക്ടർ

വാർഡുകളുടെ എണ്ണം : 17

ജനസംഖ്യ :254633 (2011 സെൻസസ്)

പുരുഷന്മാർ : 12380 (2111 സെൻസസ്)

സ്ത്രീകൾ : 13083 (2011 സെൻസസ്)

ജനസാന്ദ്രത :

പ്രാദേശിക ചരിത്രം

മുവാറ്റുപുഴയാറിന്റെ കൈവഴികളും ചെറുതും വലുതുമായ ധാരാളം തോടുകളും വേമ്പനാട്ടുകായലിന്റെ സാമീപ്യവും ഉൾക്കൊള്ളുന്നതും വൈക്കം പട്ടണത്തോട് ചേർന്നുകിടക്കുന്നതുമായ ഗ്രാമപഞ്ചായത്താണ് ഉദയനാപുരം. ഈ ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം 20.15 ച.കി.മീറ്ററാണ്.ഈ പഞ്ചാത്തിന്റെ ചുറ്റുമായി തലയോലപ്പറമ്പ്, മറവൻതുരുത്ത്, തലയാഴം, എന്നീ പഞ്ചായത്തുകളും, വൈക്കം മുൻസിപ്പലിറ്റിയും സ്ഥിതിചെയ്യുന്നു.

ഒരു ദേശത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ നാം ആദ്യമായി അന്വേഷിക്കുന്നത് അവിടുത്തെ ജനങ്ങളുടെ സാംസ്കാരിക നിലവാരത്തെ കുറിച്ചാണ്. ഉന്നതവും ഉദാത്തവുമായ ഒരു സംസ്കാരത്തിന്റെ ഉടമയായ ജനതയ്ക്കും അവരുടെ നാടിനും മാത്രമേ മഹത്തായ ഒരു പദവി ആധുനിക സമൂഹം കൽപ്പിക്കുന്നുള്ളൂ . ഒരു ജനതയുടെ അചാരനഷ്ട്ടാനങ്ങൾ, വിശ്വാസപ്രമാണങ്ങൾ, ദയാക്രമം,ജീവിത രീതികൾ, എന്നിവയെല്ലാം അന്നിരുന്നവരുടെ സാംസ്കാരിക സാമ്പത്തിന്റെ ഈടുവാവായ്പകളാണ്. അവിടെ പ്രചരിച്ചിട്ടുള്ള ഐതീഹ്യങ്ങൾ, പഴഞ്ചൊല്ലുകൾ, സാഹിത്യ

കൃതികൾ എന്നിവയെല്ലാം ആ ജനതയുടെ സാംസ്കാരിക നിലവാരം വ്യക്തമാക്കുന്നു.

ഈ കാഴ്ചപാടിലൂടെ നോക്കുമ്പോൾ പ്രാദേശികവും ദേശീയവുമായ പ്രാധാന്യമർഹിക്കുന്ന മഹത്തായ ചരിത്രസംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കാൻ വൈക്കം താലൂക്കിനും അതിന്റെ ഭാഗമായഉദയനാപുരം പഞ്ചായത്തിനും കഴിഞ്ഞിട്ടുണ്ട്.ഗാന്ധിജി, രാജഗോപാലനാചാരി, എ.കെ. ഗോപാലൻ, കെ.പി. കേശവമേനോൻ, ടി.കെ.മാധവൻ, മന്നത്തുപത്മനാഭൻ, തുടങ്ങിയ മഹാൻമാരായ നേതാക്കൾ വൈക്കത്തു നടത്തിയ ഐതിഹാസികമായ സമരങ്ങളിൽ ഈ പഞ്ചായത്തും അതിന്റെ പങ്കുവഹിച്ചിട്ടുണ്ട്. ശ്രീ നാരായണഗുരു നേരിട്ട് സന്ദർശിച്ചിട്ടുള്ളതാണിവിടം. മതസൗഹാർദ്ദത്തിനു കേൾവി കേട്ടിട്ടുള്ളതാണീ നാട്.ഹിന്ദു മുസ്ലിം ക്രൈസ്തവമതങ്ങൾ സഹോദരബുദ്ധ്യാ ജീവിച്ചുപോന്നതാണ് ഇവിടെ. അയിത്തത്തിനും, അനാചാരങ്ങൾക്കും ഉച്ചനീചത്വത്തിനും എതിരെ വിട്ടുവീഴ്ചയില്ലാതെ നിലപാട് സ്വീകരിച്ച പ്രബുദ്ധരായ ഒരു ജനതയാണ്. നമ്മുടെത്. അവർക്കെതിരെ നിലനിന്നിരുന്ന അനാചാരങ്ങൾക്കെതിരെ നടന്ന തീവ്ര സമരങ്ങളിൽ സവർണ്ണരായ ഏ. കെ. ജി യും കേളപ്പനും, മന്നവും, കേശവമേനോനും, കരൂർ നമ്പൂതിരിപ്പാടുമെല്ലാം ആവേശപൂർവ്വം സമരം ചെയ്തപാരമ്പര്യം നമുക്കവകാശപ്പെട്ടതാണ്. സാമുദായികവും, മതപരവുമായ മൈത്രിയുടെ ശാന്തിമന്ത്രം ഉയർന്നുവന്ന മണ്ണാണിത്. അടുത്ത കാലത്ത് അപ്ഗ്രേഡ്ചെയ്യപ്പെട്ട U.P.L.P വിഭാഗത്തിൽപ്പെട്ട അരഡസനോളം സ്കൂളുകളും മാത്രമേ ഉള്ളെങ്കിലും സാക്ഷരതയുടെ കാര്യത്തിൽ നാം തീരെപിന്നിലല്ല. വയനശാലകളും,ഗ്രന്ഥശാലകളും, കുറവുള്ള പഞ്ചായത്താണ്. ഇത്. രണ്ടു വായനശാലകൾ മാത്രം. വളരെ ഉയർന്ന വിദ്യാഭ്യാസം നേടിയവരും, ഉന്നതങ്ങളിൽ പ്രവർത്തിക്കുന്നവരുമായ കുറച്ചുപേരെങ്കിലും ഈപഞ്ചായത്തതിർത്തിയിൽ ഉണ്ട്.

സാമൂഹികസംസ്കാരികചരിത്രം

നാണ്യവിളകൾക്ക് കേൾവികേട്ട കോട്ടയം ജില്ലയുടെ പടിഞ്ഞാറെ അറ്റത്തായി വേമ്പനാട്ടുകായലിനെ തൊട്ടുരുമിക്കിടക്കുന്ന ഒരു ചെറിയ പട്ടണമാണ് വൈക്കം. കൊല്ലവർഷം 537-ൽ ഉണ്ടായ ഉണ്ണുനീലിസന്ദേശത്തിന്റെ കർത്താവ് 'മേദിനിയിലെ സ്വർഗ്ഗഖണ്ഡം' വാഴ്ത്തിപറഞ്ഞിട്ടുള്ളതും വെമ്പല നാട്ടുരാജാക്കന്മാർ ഭരിച്ചിരുന്നതുമായ 'സിന്ധു ദ്വീപ്' (ഇന്നത്തെ കടുത്തുരുത്തി) ഉൾപ്പെടെയുള്ള പ്രദേശം വരെ ഒരു കാലത്ത് കടൽ ആയിരുന്നു. പിന്നീട് കടൽ വച്ചു പിന്മാറിയതുകൊണ്ടാണ് ഈപട്ടണത്തിന് വൈക്കം എന്നപേര് ഉണ്ടായത് എന്ന് പറയപ്പെടുന്നു. ഈ പട്ടണം പഴമ കൊണ്ടും പാരമ്പര്യം കൊണ്ടും പ്രസിദ്ധമാണെങ്കിലും പതിറ്റാണ്ടുകളായി വികസനം എത്തിനോക്കാതെ നിലകൊള്ളുന്നു. വൈക്കത്തഷ്ടമി മുതൽ വൈക്കംസത്യാഗ്രഹം വരെയും ദേശിയമായശ്രദ്ധ പിടിച്ചുപറ്റിയ നിരവധി സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചതാണ് ഈ പട്ടണം. വൈക്കം പാച്ചു മൂത്തതുമുതൽ ബഷീറും, വടക്കും കൂറും ഉൾപ്പെടെ വൈക്കംചന്ദ്രശേഖരൻ നായർ വരെ എത്രയെത്രസാഹിത്യ നായകൻമാരുടെ ജന്മദേശമാണ് ഈ പട്ടണം. പണ്ഡിതന്മാരും ദേശസ്നേഹിതരുമായ നിരവധിപേർ വൈക്കത്തുകരായിട്ടുണ്ട്. കലയുടേയും സംസ്കാരത്തിന്റെയും ഈറ്റില്ലമായി അറിയപ്പെടുന്ന ഒരു പട്ടണമാണിത്. എന്നിട്ടും അതിനൊത്ത് വളരാനാകാതെ, വേമ്പനാട്ടുകായലിന്റെ ചിറ്റോളങ്ങളുടെ സംഗീതലഹരിയിൽ മുഴുകി ഒരു ഏകാന്തപഥികനെപ്പോലെ ഈ പട്ടണം ഇന്നും നിലകൊള്ളുന്നു.

ഇത്രമാത്രം ചരിത്രപ്രാധാന്യമായ വൈക്കം പട്ടണത്തിന്റെ വടക്കും കിഴക്കുമായി കിടക്കുന്ന ഒരു ഗ്രാമപ്രദേശമാണ് ഉദയനാപുരം. വടക്കുപടിഞ്ഞാറ് ചെമ്മനകാരി മുതൽ തെക്കു കിഴക്ക് ചെട്ടിമംഗലം വരെ നീണ്ടു കിടക്കുന്ന ഈപഞ്ചായത്തിന്റെ വടക്ക് ഇത്തിപുഴയും പടിഞ്ഞാറ് വേമ്പനാട്ടുകായലും തെക്ക്കിഴക്ക് കരിയാറും മുവാറ്റുപുഴയാറും വൈക്കം

പട്ടണവും ഈ പഞ്ചായത്തിനെ വലയം ചെയ്തിരിക്കുന്നു. ചതുപ്പുനിലങ്ങളും കരിനിലവും തോടും കുളവും പുഞ്ചപ്പാടങ്ങളും ധാരാളമുള്ള ഈപ്രാദേശത്തിന്റെ ചില ഭാഗങ്ങളിൽ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു. വടക്കുകിഴക്ക് നിന്ന്തെക്ക് പടിഞ്ഞാറോട്ട് അല്പംചാഞ്ഞുകിടക്കുന്ന സമതലപ്രദേശമാണിത്. ഭൂരിഭാഗം കർഷകരും കർഷകത്തൊഴിലാളികളും, കയർ, കളിമൺ, തഴപ്പായ്,മത്സ്യബന്ധനം, തുടങ്ങിയ വിവിധ മേഖലകളിൽ പണിയെടുക്കുന്ന ആളുകളും ഉള്ള ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്.

ഈ പ്രദേശത്തെയും സ്ഥലനാമത്തേയും കുറിച്ച് രസകരമായ ഒരു ഐതീഹ്യം ഉണ്ട്. ഉടയനായകീപുരം എന്നാണ് ഈ സ്ഥലത്തിന്റെ പേര് എന്നറിയുന്നവർ ചുരുക്കമാണ്. ഒരു കാലത്ത് ഉദയനാപുരം ക്ഷേത്രത്തിൽ ഭഗവതിയേയും കുമാരനെല്ലൂർ ക്ഷേത്രത്തിൽ സുബ്രഹ്മണ്യനെയും പ്രതിഷ്ഠിക്കാൻ അന്നത്തെ നാടുവാഴി നിർമ്മിക്കുകയും ചെയ്തു. എന്നാൽ നാടുവാഴിയുടെ ഇംഗിതം മാനിക്കാതെതന്നെ, സുബ്രഹ്മണ്യനുവേണ്ടി പണികഴിപ്പിച്ച കുമാരനല്ലൂർ ക്ഷേത്രത്തിൽ ഭഗവതി കയറിയിരിക്കുകയും 'കുമാരനല്ല ഊര്' തനിക്കാണെന്നു വെളിപ്പെടുത്തുകയും ചെയ്തുവത്രേ. പിന്നീട് കുമാരനല്ലഊര് എന്നത് കുമാരനല്ലൂർ എന്നായിത്തീരുകയും ചെയ്തെന്നാണ് പറയപ്പെടുന്നത്.എന്നാൽ ഭാഗവതിക്കായി വാഴി മുൻകൂട്ടി നിശ്ചയിച്ച സ്ഥലത്തിന് 'ഉദനായകുപുരം 'എന്ന പേർ പതിയുകയും പിന്നീട് അതുലോപിച്ച് ഉദയനാപുരം എന്നവുകയും ചെയ്തതായിരിക്കാം .താരകാസുര നിഗ്രഹംകഴിഞ്ഞു വിജയലഹരിയിൽ മുഴുകി അചഛനായ വൈക്കത്തപ്പനെ ദർശിക്കാൻ സർവ്വാലങ്കാരവിഭൂഷിതനായി അഴുന്നള്ളുന്ന ഉടയനാപുരത്തപ്പനുള്ള വരവേൽപ്പാണ് വൈക്കത്തഷ്ടമിയുടെ ഒരു പ്രധാന ചടങ്ങാണ്. പ്രസിദ്ധവും മറ്റൊരിടത്തും കാണാൻ കഴിയാത്തതുമായ ആറ്റുവേല എന്ന ജലോത്സവം ഈ പഞ്ചായത്തതിർത്തിയിൽ നിന്നാണ് ആരംഭിക്കുന്നത്. പടുകൂറ്റൻ വള്ളങ്ങൾ നിരനിരയായി ചേർത്തു കെട്ടി അവയ്ക്കു മുകളിൽ പാലപ്പലക കൊണ്ട് പടുത്തുയർത്തുന്ന കേരളിയ ക്ഷേത്രങ്ങളുടെ ശില്പചാതുരി നിറഞ്ഞതും മൂന്നു

നിലകളുള്ളതുമായ ക്ഷേത്രം പുഴയിലൂടെ ഒഴുകി നടക്കുന്ന കാഴ്ച അന്യാദൃശ്യം തന്നെ. ദീപാലങ്കൃതമായ ക്ഷേത്രം ഉറപ്പിച്ചിട്ടുള്ള വള്ളങ്ങളും ചങ്ങാടവും അതിന്റെ ദീപാലങ്കാരങ്ങൾ വെള്ളത്തിൽ പ്രതിബിംബിച്ചു നീങ്ങുമ്പോൾ അവയെ പിൻതുടരുന്ന നിരവധി ഗരുഡൻത്തൂക്കച്ചാടുകൾ ഈ ജലോത്സവത്തിനു കൊഴുപ്പേകുന്നു. പ്രസ്തുത ക്ഷേത്രത്തിൽ കൊടുങ്ങലൂർ ഭഗവതി കുടികൊള്ളുന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത്.

ധ്രുവപുരം,അരീക്കുളങ്ങര , അക്കരപ്പാടം ഓങ്കാരേശ്വരം, പെരുമ്പള്ളിക്കാവ്, തോട്ടാറമുറ്റം, വേണുഗോപാലക്ഷേത്രം, വല്യാറക്ഷേത്രം തുടങ്ങി ധാരാളം ക്ഷേത്രങ്ങൾ ഈ പഞ്ചായത്തിന്റെ സാംസ്കാരിക സമ്പത്തിൽപ്പെടുന്നു.വല്ലകം,ഉദയനാപുരം ഓർശലേം പള്ളികൾ ഈ പഞ്ചായത്തിൽ വരുന്ന പ്രസിദ്ധങ്ങളായ ക്രിസ്തീയദേവാലയങ്ങലാണ്.

വടക്കേമുറി, നടുവിലെ എന്നീ വില്ലേജുകളിൽ കയറിയിറങ്ങിക്കിടക്കുന്നതാണ് ഈ പഞ്ചായത്ത്. ഉദയനാപുരം പഞ്ചായത്ത് ആദ്യമായി രൂപം കൊണ്ടത് 1953 ആഗസ്റ്റ് 15 നാണ്. അന്ന് എട്ടു വാർഡുകളും 9 സീറ്റുമുള്ള പഞ്ചായത്ത് പ്രവർത്തനം ആരംഭിച്ചത് പിത്രുകുന്നം ക്ഷേത്രത്തിന് തെക്ക് വശത്തുള്ള വിദ്വാൻ എ.കെ പത്മനാഭപിള്ളയുടെ വാടകച്ചാവടിയിലാണ്. പിന്നീട് ഇത്തിപ്പുഴയിലുള്ള S.N.D .P യോഗം വക കെട്ടിടത്തിലേക്ക് മാറ്റി. അന്തരിച്ച ഉള്ളാടപ്പള്ളിയിൽ ശ്രീ. എം.പവിത്രനായിരുന്നു ആദ്യ പ്രസിഡന്റ് സർവ്വശ്രീ മാലിപ്പുരയിൽ വി.മാധവൻ, പുഴക്കര രവീന്ദ്രനാഥൻ നായർ, കെ.വി. വാസു, എസ്. നാരായണൻ, പാലോടിത്തറ കുമാരൻ, രാഘവൻ, ഈരേപ്പാടം, ചോതി, എന്നിവരായിരുന്നു മറ്റു മെമ്പർമാർ. ആദ്യമായി നിയമിതനായ ഏക ക്ലാർക്ക് ശ്രീ.കെ. ആർ. അരവിന്ദാക്ഷൻ നായരും ഒരു ക്ലാർക്കും ഒരു പ്യൂണും മിത്രമായാരംഭിച്ച നമ്മുടെ പഞ്ചായത്താഫീസിൽ ആദ്യമായി ഒരു ആക്സിക്യുട്ടീവ് ഒഫീസറെ നിയമിക്കുന്നത് 1956-ൽ ആണ്. ആദ്യത്തെ ഒഫീസറാണ് ശ്രീ. ചെല്ലപ്പൻ.

1956-ൽ വല്ലകം പള്ളിക്ക് സമീപത്തുള്ള സ്വന്തം കെട്ടിടത്തിലേക്ക് പഞ്ചായത്ത് ഓഫീസ് മാറ്റി സ്ഥാപിച്ചതുമുതൽ ഇന്നോളം അവിടെത്തന്നെ പ്രവർത്തിച്ചുപോരുന്നു.

സമാഹരിച്ചത്;

ഉദയനാപുരം ഗ്രാമപഞ്ചായത്ത്

വികസനരേഖ

ആരാധനാലയങ്ങൾ

ചിറ്റേഴത്തുകാവ്

1000 വർഷത്തിലധികം പഴക്കമുള്ള ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ ദുർഗ്ഗാദേവിയുടേതാണ്. ചിറ്റരത്ത എന്ന ഔഷധസസ്യങ്ങൾ ധാരാളം കണ്ടിരുന്ന ഈ പ്രദേശത്ത് വളരെയധികം സർപ്പപ്രതിഷ്ഠകളും ഉണ്ടായിരുന്നു. ചിറ്റരത്തക്കാവ് കാലക്രമത്തിൽ ചിറ്റേടത്ത്കാവ് എന്നും പരിണമിക്കുകയായിരുന്നു.

വൈക്കം മഹാദേവക്ഷേത്രത്തിലെ തന്ത്രിമാരായിരുന്ന മോനാട്ടില്ലത്തെ താളിയോലകളിൽ ഈ ക്ഷേത്രത്തെകുറിക്കുന്ന രേഖകൾ ഉണ്ടെന്ന് പറയപ്പെടുന്നു. ഉദയനാപുരം ക്ഷേത്രത്തിൽപ്രതിഷ്ഠിക്കുവാൻ

കൊണ്ടുവന്ന ദേവീവിഗ്രഹം അവിടെ സുബ്രഹ്മണ്യപ്രതിഷ്ഠ നടത്തിയ മൂലം മാറപ്പാടി ഇല്ലത്തെ പ്രഗൽഭരായ തിരുമേനിമാർ കൊണ്ടുവന്ന് അവരുടെ കുലദൈവമായി പ്രതിഷ്ഠിച്ച് ആരാധിച്ചുവന്നിരുന്നു. ഇതിന്റെ ചിലവിലേക്കായി അവർ വളരേയധികം ഭൂമികൾ ദേവിക്കായി നീക്കിവച്ചിരുന്നു. വൈക്കം മഹാദേവക്ഷേത്രത്തിൽ നിന്നും ഉത്സവത്തിന് ഇവിടെ ആനപ്പുറത്തുവന്ന് കൊടിയേറ്റ് അറിയിക്കുന്ന പതിവ് ഉണ്ടായിരുന്നു.

മന്ത്രവാദ ഉപാസകനും, ദേശാടനം നടത്തി വന്നിരുന്ന മഹാമാന്ത്രികനായ മാറപ്പാടി മനയിലെ ഒരു തിരുമേനി ആവാഹിച്ച് യക്ഷിരൂപത്തിൽ കൊണ്ടുവന്ന ഒരു മൂർത്തിയെ ക്ഷേത്ര മതിക്കകത്ത് വടക്ക് കിഴക്കേ മൂലയിൽ പടിഞ്ഞാറോട്ട് ദർശനമായി പ്രതിഷ്ഠിച്ച് ഇന്ന് പ്രത്യങ്കരീഭാവത്തിൽ ആരാധിച്ചു വരുന്നു. കൂടാതെ 20 സർപ്പപ്രതിഷ്ഠകൾ കന്നി മൂലയിൽ സ്ഥിതിചെയ്യുന്നു.

ഭദ്രകാളിയുടെ സേവകനായ അറുകുല സ്വാമിയെ കാര്യസാധ്യത്തിനായി കറുത്തവാവ് തോറും ഇവിടെ ആരാധിക്കുന്നു. വിശാലമായ ക്ഷേത്ര കുളവും പഴമവിളിച്ചോതുന്ന ചുറ്റമ്പലവും ശ്രീകോവിലും ആചാരതനിമയും ക്ഷേത്രത്തിന്റെ പ്രത്യേകതകളാണ്. തുലാമാസം മകയിരം നക്ഷത്രം ദേവിയുടെ പ്രതിഷ്ഠാ ദിനമായും മേടമാസത്തിലെ വിഷുമഹോൽസവമായും കൊണ്ടാടുന്നു. താലപ്പൊലി കൂടാതെ ക്ഷേത്രകലകളായ കഥകളി, തിരുവാതിരകളി എന്നിവയും ക്ഷേത്രത്തിൽ പ്രാമുഖ്യം നൽകിവരുന്നുണ്ട്. എല്ലാമാസവും ആയില്യത്തിന് സർപ്പങ്ങൾക്ക് നൂറും പാലും വഴിപാട് ആയി നൽകാൻ ഭക്തജനങ്ങൾക്ക് സൗകാര്യമുണ്ട്.

സഹായിച്ചത്;

Mr: കലേശൻ M.P

Ph: 9447677146

പെരുമ്പള്ളിക്കാവ്

കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ പടിഞ്ഞാറേക്കരയിൽ വൈക്കം മഹാദേവക്ഷേത്രത്തിന് 5 കിലോമിറ്റർ കിഴക്ക് മൂവാറ്റുപുഴയാറിന്റെ തെക്കോട്ട് ഒഴുകുന്ന ശാഖയുടെ പടിഞ്ഞാറേക്കരയിലെ ശാന്തസുന്ദരമായ ഗ്രാമാന്തരീക്ഷത്തിൽ നൂറ്റാണ്ടുകളായി നിലകൊള്ളുന്ന ഗ്രാമക്ഷേത്രമാണ് പെരുമ്പള്ളിക്കാവ്. ഭദ്രകാളിയാണ് ഈ ക്ഷേത്രത്തിലെ മുഖ്യപ്രതിഷ്ഠ. നിരവധി ഉപദേവതാ

പ്രതിഷ്ഠകളും ഇവിടെയുണ്ട്. ദിവസവും രാവിലെയും വൈകുന്നേരവും ഈ ക്ഷേത്രത്തിൽ ആരാധന നടക്കുന്നു. എല്ലാ വർഷവും കർക്കിടക മാസത്തിൽ മുഴുവൻ (മലയാളത്തിലുള്ള) കിളിപ്പാട്ട് രാമായണ പാരായണം നടക്കുന്നു.

നവരാത്രികാലത്ത 9 ദിവസങ്ങളിൽ സംസ്കൃതത്തിലുള്ള ദേവീ ഭാഗവത പാരായണയജ്ഞവും ഗ്രന്ഥ പൂജയും വിദ്യാരംഭവും ഇവിടെ എല്ലാവർഷവും നടക്കുന്നു.

കുംഭഭരണിയാണ് ഈ ക്ഷേത്രത്തിലെ പ്രധാന ഉത്സവം. മലയാളമാസമായ കുംഭത്തിലെ ഭരണി നക്ഷത്രം ഇതിന് 12 ദിവസങ്ങൾ മുൻപ് ഇവിടെ ഉത്സവകാലമാകുന്നു. ഈ 12 ദിവസങ്ങളിലും നടക്കുന്ന പ്രധാന അനുഷ്ഠാനമാണ് തീയാട്ട്. ഇത് ഒരു അനുഷ്ഠാനകലയാണ്. കാഴ്ചയ്ക്കും കേൾവിക്കും പ്രാധാന്യമുള്ള അനുഷ്ഠാനനൃത്തമാണിത്. ഏതാണ്ട് നാല് മനിക്കൂർ നീണ്ടാതാണ് ഈ കലാ പ്രകടനം. സാധാരണ മൂന്നുപേരാണ് ഈകലാരൂപത്തിൽ പങ്കെടുക്കുന്നത്. പഞ്ചവർണ്ണപ്പൊടി കൊണ്ട് ഭദ്രകാളിയുടെ കളമെഴുതി ദേവിയുടെ രൂപവർണ്ണനകൾ പാടിയ ശേഷം ക്ഷേത്രത്തിന്റെ മുന്നിൽ ദേവിയുടെ വേഷം കെട്ടിയ നർത്തകർ നടനം ചെയ്യുന്നു.

ഈഅനുഷ്ഠാനകല ഇവിടെ 12ദിവസങ്ങളിലാണ് ചെയ്തുവരുന്നത് എന്നത് ക്ഷേത്രത്തിന്റെ പ്രത്യേകതയാണ്.

കുംഭഭരണി ദിവസം ഗരുഡന്റെ വേഷം (കഥകളിയുടെ സമാനമായി) കെട്ടി അത്യാകർഷകമായി നൃത്തം ചെയ്യുന്നു. ഈ ഉത്സവശേഷം നടക്കുന്ന ഗുരുതി അനുഷ്ഠാന പ്രാധാന്യം കാഴ്ചയ്ക്ക് അതീവഗംഭീരവുമാണ്. ഭദ്രകാളി വേഷമണിഞ്ഞ നർത്തകനാണ് പന്തലിന്റെയും വിളക്കിന്റെയും വെളിച്ചത്തിൽനടക്കുന്ന വർണ്ണാഭമായ ഈ അനുഷ്ഠാനം നിർവഹിക്കുന്നത്. ഇതോടൊപ്പം താലപ്പൊലിയും കുംഭാകുടവും ഈ ഉത്സവ ദിവസത്തെ ആകർഷകമാക്കുന്നു.

തുറുവേലിക്കുന്ന് ധ്രുവപുരം

ശ്രീ മഹാദേവ ക്ഷേത്രം

ത്രേതായുകത്തിൽ രാമ - രാവണയുദ്ധത്തിൽ മേഘനാഥാസ്ത്രങ്ങളേറ്റു മൃതപ്രായരായിത്തീർന്ന ശാഖാമൃഗങ്ങളുടെയും രാമലക്ഷ്മണൻമാരുടേയും ജീവൻ വീണ്ടെടുക്കുന്നതിന് വേണ്ടിവിഭീഷണന്റെ നിർദ്ദേശപ്രകാരം മരുത്വാമലയിൽ മൃതസഞ്ജീവനി തേടിപ്പോയ ഹനുമാൻ ഔഷധസസ്യത്തിന്റെ

പേര് മറന്നുപോവുകയും, ആയതിനാൽ മരുത്വാമല അതേപടി കൊണ്ടുപോരുകയും പോരും വഴി അതിൽനിന്നും ഉതിർന്നു വീണുണ്ടായ 'ഉതുർവേലിക്കുന്നാണ്' 'തുറുവേലിക്കുന്ന്' ആയാതെന്ന് വിശ്വസിക്കുന്നവരുണ്ട്. കുന്നിൻ മുകളിൽ സ്ഥിതിചെയ്യുന്ന ക്ഷേത്ര പരിസരത്തുള്ള കിണറ്റിലെ ജലത്തിന് ഔഷധഗുണമുണ്ടെന്ന് വിശ്വാസികൾ കരുതുന്നു. ഔഷധസസ്യങ്ങൾ ധാരാളംകണ്ടുവരുന്ന ഒരു മണ്ണു കൂടിയാണ് ക്ഷേത്രാങ്കണത്തിന്റെത്. പഞ്ചപാണ്ഡവൻമാർ ഇവിടെ വന്ന് താമസിച്ചിരുന്നുവെന്നും ബഗനെ കൊല്ലാൻ പന പറിച്ച് അടിച്ചപ്പോൾ ഉണ്ടായ ഒരു കുഴി ക്ഷേത്രപരിസരത്ത് കാണുന്നു എന്നും വിശ്വാസികൾ കരുതുന്നു. വടക്ക് കിഴക്ക് മൂലയിൽ ദേവസാമീപ്യമുള്ള ഒരു മനയിൽ വച്ച് ആരാധിച്ചിരുന്ന ദേവനെ മനയുടെ സാമ്പത്തിക പരിസ്ഥിതി മോശമായ അവസ്ഥയിൽ തുരുവേലിക്കുന്നിൽ പ്രതിഷ്ഠിക്കുകയും കാലാന്തരത്തിൽ ക്ഷേത്ര ഭരണം S N D P യെ ഏൽപ്പിക്കുകയും ആണ് ഉണ്ടായത്.നവോദ്ധാനനായകൻ ശ്രീനാരായണഗുരു ഈ ക്ഷേത്രത്തിൽ ദർശനം നടത്തിയിട്ടുള്ളതായും വിശ്വസിക്കപ്പെടുന്നു.

വൈക്കത്തിനും കടുത്തുരുത്തിക്കും ഇടയിൽ കാണപ്പെടുന്ന ഏറ്റവും ശ്രദ്ധേയമായ ഒരു ശിവക്ഷേത്രം കൂടിയാണ് തുറുവേലിക്കുന്ന് ധ്വവപുരം ക്ഷേത്രം. ശിവരാത്രിയോട് അനുബന്ധിച്ചും കർക്കിടകമാസത്തിലെ കറുത്തവാവിനും ക്ഷേത്രത്തിൽ പിതൃക്കൾക്ക് ബലിഅർപ്പിക്കാൻ വിശ്വാസികൾക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ശിവരാത്രി മഹോത്സവം മൂന്നു ദിവസത്തെ ആഘോഷം നടത്തിവരുന്നു. കുംഭകുടം, ദേശതാലപ്പൊലി, ക്ഷേത്രത്തിലേക്ക് വടയാറിൽ നിന്നും പുറപ്പെടും. നടയിൽ പറനിറയ്ക്കുന്നതിനും സൗകര്യങ്ങൾ ഒരുക്കുക പതിവാണ്. രുദ്രകലശം, ബ്രഹ്മകലശം എന്നിവയ്ക്ക്ശേഷം മഹാപ്രസാദമൂട്ട് എന്നിങ്ങനെ ചടങ്ങുകൾ ഉത്സവത്തോട് അനുബന്ധിച്ച് നടന്നുവരുന്നു. ശിവരാത്രി ദിവസം രാത്രി 12 മണിക്ക് നടത്തപ്പെടുന്ന പന്തിരുനാഴി മഹാനിവേദ്യം ഭക്തർക്ക് വിതരണം ചെയ്യുക പതിവാണ്. കൂടാതെ മണ്ഡലകാലവ്രതം (41 ദിവസം) ആഘോഷങ്ങൾ ക്ഷേത്രത്തിൽ നടന്നുവരുന്നു. സർപ്പത്തിന് ആയില്യം നാളിൽ കിണറ്റിൻ

കരയിൽ തളിച്ചുകൊടുക്കുന്നത് പുത്രദു:ഖം മാറാൻ എന്നും വിശ്വാസിക്കപ്പെടുന്നു.

21നടകളോട് കൂടിയ ക്ഷേത്രം മൂവാറ്റുപുഴ ആറിന് സമീപം സ്ഥിതിചെയ്യുന്നു. ആറ്റുവേലയാറ് ക്ഷേത്രത്തെ സംബന്ധിച്ചിടത്തോളം പുണ്യനദി ഗംഗയായി വിശ്വാസികൾ കരുതിപ്പോരുന്നു.

പിത്രുകുന്നം മഹാവിഷ്ണു ക്ഷേത്രം

കോട്ടയം ജില്ലയിലെ വൈക്കം തലൂക്കിൽ നിന്നും മൂന്നു കിലൊമീറ്റർ ദൂരെ വടക്കുമാറി ഉദയനാപുരം സുബ്രഹ്മണ്യസ്വാമീ ക്ഷേത്രത്തിനു വടക്കുവശത്തായി നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു ക്ഷേത്രമാണ് പിത്രുകുന്നം മഹാവിഷ്ണു ക്ഷേത്രം. ഇത് പടിഞ്ഞാറ് ദർശനമായിട്ടുള്ള അപൂർവ മഹാവിഷ്ണു ക്ഷേത്രങ്ങളിൽ ഒന്നാണ്. കേരളത്തിൽ പിതൃതർപ്പണം നടത്തുന്ന ക്ഷേത്രങ്ങൾ ധാരാളം ഉണ്ടെങ്കിലും പിതൃക്കൾക്ക് മാത്രമായി നിത്യമോക്ഷം നൽകുന്ന ഒരു ക്ഷേത്രമാണ്.

ശ്രീകോവിൽ പടിഞ്ഞാറ് ദർശനമായിട്ടുള്ള വിഷ്ണുക്ഷേത്രങ്ങളിൽ പൂജയും വഴിപാടുകളും പ്രാർഥനയും ഉദ്ദേശശുദ്ധിയോടെ ദർശനം നടത്തി

നെയ്‌വിളക്കും, തൃക്കൈവെണ്ണയും നടത്തിയാൽ ഫലം വളരെ കൂടുതൽ എന്ന്ഭക്തർ വിശ്വസിക്കുന്നു. മനുഷ്യന്റെ ലൌകിക ജീവിതത്തിൽ വളരെ വേഗംഫലം നൽകുന്ന വൈഷ്ണവ ചൈതന്യവും, ശൈവവും ആകാമെങ്കിലും പിതൃമോക്ഷ കർമ്മങ്ങൾക്ക് വിഷ്ണു സങ്കൽപ്പത്തിനാണ് വളരെ പ്രാധാന്യം കൂടുതൽ ക്ഷേത്രത്തിൽ പിതൃക്കൾക്ക്വേണ്ടി പിതൃനമസ്ക്കാരം,തിലഹോമം, പിതൃബലി, പാപമോചനത്തിനായി നടത്തിവരുന്ന കാൽകഴുകിച്ചൂട്ട്, മുതലായ വഴിപാടുകൾ വളരെ പ്രാധാന്യത്തോടെ ഭക്തജനങ്ങൾ നടത്തിവരുന്നു.

ക്ഷേത്രം

സമചതുരശ്രീകോവിൽ ഓട് മേഞ്ഞതും, മുകളിൽ താഴികക്കുടം, ചുറ്റമ്പലം, നമസ്കാരമണ്ഡപം, ബലിയ്ക്കൽപുര, ബലിക്കല്ല്,കെടാവിളക്ക്, ക്ഷേത്രത്തിന് ഇരുവശങ്ങളിൽ ചുവരിൽ ദശാവതാരം ശിൽപ്പങ്ങൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു.വടക്കു പടിഞ്ഞാറ് അരയാൽ ചുവട്ടിൽ മഹാവിഷ്ണുവിന്റെ വാഹനമായ ഗരുഡന്റെ വലിയ ഒരു ശിൽപ്പവും ഇലഞ്ഞിമരച്ചുവട്ടിൽ നാഗരാജാവ്, നാഗയക്ഷി, ബ്രഹ്മരക്ഷസ്സ്, ക്ഷേത്രക്കുളം, ക്ഷേത്രത്തിൽ ഗണപതിയും സാന്നിദ്ധ്യം കൂടിയുണ്ട്. ഉത്സവമായി അഷ്ടമിരോഹിണിയും, കർക്കിടകമാസത്തിൽ രാമായണപാരായണവും നടത്തിവരുന്നു.

ശ്രീകോവിൽ ഗർഭ ഗൃഹത്തിൽ പീഠത്തിൽ അഞ്ജനശിലയിൽതീർത്ത മൂന്നടി ഉയരമുള്ള മഹാവിഷ്ണുവിന്റെ വരദാന അനുഗ്രഹ മുദ്രയോടു കൂടിയുള്ള പ്രതിഷ്ഠ ശോഭിക്കുന്ന അസംഖ്യം സൂര്യൻമാരെപ്പോലെ പ്രഭയുള്ളതും ദീർഘങ്ങളായ ബാഹുദണ്ഡനങ്ങളോടുകൂടി ശംഖ്, ചക്രം, ഗദ, വരദാഭയ മുദ്രയുള്ള മഞ്ഞ പ്പട്ടുടുത്ത് ശിരസിൽ രത്ന കിരീടം കൊണ്ട് ഉജ്ജ്വലമായ മകുടവും, കർണ്ണങ്ങളിൽ രത്നകുണ്ഡലങ്ങളും ധരിച്ച് തുളസിമാലയും, താമരമാലയും, പനിനീർപുഷ്പങ്ങളും കൊണ്ട് അലങ്കരിച്ച് നെയ്‌വിളക്കിന്റെ പ്രഭയിൽ പുഞ്ചിരിതൂകുന്ന മുഖത്തോടുകൂടിയതാണ് പിത്രുകുന്നം മഹാവിഷ്ണു ക്ഷേത്രത്തിലെ പ്രതിഷ്ഠ.

നമസ്ക്കാരമണ്ഡപം

നൂറ്റാണ്ടുകൾക്ക് മുൻപ് വടക്കുനിന്നും വൈക്കത്തേക്ക് ഒരു ബ്രാഹ്മണശ്രേഷ്ഠൻ നടന്നുവരുന്ന വഴി യാത്രാക്ഷീണം കൊണ്ട് വിശ്രമത്തിനായി ക്ഷേത്രത്തിൽ ഇപ്പോഴുള്ള വിളക്കുമാടച്ചുവട്ടിൽ അന്തിയുറങ്ങിയ ബ്രഹ്മണശ്രേഷ്ഠന് വിഷ്ണു പ്രീതിയാൽ മോക്ഷം ലഭിച്ച ആത്മാവിന്റെ സാന്നിധ്യം ഈശ്വരതുല്യഭാവത്തിൽ നിലകൊള്ളുന്നുണ്ട്. നമസ്കാരമണ്ടപത്തിൽ ദിവ്യശ്രേഷ്ഠനായബ്രാഹ്മണന്റെ സാന്നിദ്ധ്യം നിറഞ്ഞു നിൽക്കുന്ന ക്ഷേത്രമണ്ടപത്തിൽ ഇദ്ദേഹത്തെ സംസ്കരിച്ചുകൊണ്ട് രണ്ടു നേരവും വിളക്ക് കൊളുത്തി ആചരിച്ചുവരുന്നു.

നേരേകടവ് ശ്രീഭദ്രകാളി ക്ഷേത്രം

അഷ്ട ഐശ്വര്യപ്രദായനിയായ ദേവിസാന്നിദ്ധ്യം കുടികൊള്ളുന്ന ക്ഷേത്രമാണ് നേരെകടവ് ശ്രീഭദ്രാദേവി ക്ഷേത്രം. പ്രതിഷ്ഠ നടന്ന വർഷം11.06.2000. ഇവിടുന്ന് മുൻ വർഷങ്ങളിൽ തൈക്കാട്ടുശ്ശേരി പുന്നക്കീഴിൽ

ഭഗവതിക്ഷേത്രത്തിലേക്ക് താലപ്പൊലി വർഷങ്ങളായി പൂർവികർ കൊണ്ട് പോകുന്ന ചടങ്ങ് ഉണ്ടായിരുന്നു. ഇവിടെ മേടമാസത്തിലും ഉദയം പൂജ തുടങ്ങുന്ന ദിവസം കിഴക്ക് പ്രദേശത്തെ കേന്ദ്രീകരിച്ചുകൊണ്ട് താലപ്പൊലി ഉദയംപൂജ സ്ഥലത്തേക്ക് കൊണ്ടുവരുമായിരുന്നു. താലപ്പൊലി എടുക്കുന്ന സന്ദർഭത്തിൽപലപ്പോഴും സ്ത്രീകളെ അനുഗ്രഹിച്ച് തുള്ളാറുണ്ടായിരുന്നു. അതിന്റെയൊക്കെ അടിസ്ഥാനത്തിൽ ഇവിടെ ദേവീചൈതന്യം ഉണ്ടെന്നു വിശ്വാസിച്ച ഇവിടുത്തെ കരയോഗങ്ങൾ അഷ്ടമംഗല ദേവപ്രശ്നം വയ്ക്കണമെന്ന് തീരുമാനിക്കുകയും അതിൻ പ്രകാരം മണകുന്നം രാമകൃഷ്ണൻ അടക്കമുള്ള ജ്യോത്സ്യ സംഘം പ്രശ്നം വയ്ക്കുകയും പ്രശ്നവിധിയിൽ ശ്രീഭദ്രയുടെ സാന്ധ്യം ഉണ്ടെന്നു കണ്ടെത്തുകയും ക്ഷേത്രം നിർമിക്കുകയും പ്രധാന പ്രതിഷ്ഠയായി ഭദ്രകാളിയേയും ഉപദേവതകളായി ദുർഗ്ഗ, ശിവൻ, രക്ഷസ്,ഗുരുനാഥൻ, സർപ്പദൈവങ്ങൾ എന്നിവയും പ്രതിഷ്ഠിച്ചു. മീനമാസത്തിലെ ഭരണിയാണ് ഉത്സവമായി ആഘോഷിക്കുന്നത്.

നേരേകടവ് വല്യാറ ദേവിക്ഷേത്രം

വർഷങ്ങൾ പഴക്കമുള്ള ക്ഷേത്രമാണിത്. സർപ്പധർമ ദൈവക്ഷേത്രം എന്നാണ് ഇത് അറിയപ്പെടുന്നത്. ഈ ക്ഷേത്രത്തിലുള്ള സർപ്പ ദൈവങ്ങൾക്ക് വളരെ പ്രാധാന്യം ഉണ്ട്. ഇവിടെ 21 സർപ്പദൈവ പ്രതിഷ്ഠ കൾ ഉണ്ട്. തുലാമാസത്തിലെ ആയില്യം വളരെ പ്രധാനപ്പെട്ടതാണ്. ക്ഷേത്രത്തിൽ കുഭാമാസത്തിലെ പൂരം ഉത്സവമായി ആഘോഷിക്കുന്നു. വൃശ്ചിക മാസത്തിൽ മണ്ഡലവ്രതം വളരെ പ്രാധാന്യം അർഹിക്കുന്നു.

ചാത്തൻകുടിക്ഷേത്രം

ചാത്തൻകുടിക്ഷേത്രമാഹാത്മ്യം ചാത്തൻകുടി ദേവീക്ഷേത്രം കുടികൊള്ളുന്ന സ്ഥലം ഒരു പുരാതന മനയായിരുന്നു.അവിടെ മനക്കൽ ആരാധിച്ചിരുന്ന ദുർഗ്ഗ ഭഗവതിയാണ് ഇന്നത്തെ ചാത്തൻകുടിദേവീ.മതകാലപ്പഴക്കത്താൽ ജീർണ്ണിച്ചു പോകുകയും ഉദയനാപുരത്തുള്ള മോനാട്ടുമനക്കലേക്ക് ചേരുകയും ചെയ്തു.പിന്നിട് ഒരു ചെറിയ ക്ഷേത്രം പണിത് ദേവിയെ പ്രതിഷ്ഠിക്കുകയും ചെയ്തു.മനക്കൽ ചാത്തൻദേവൻ സേവയുണ്ടായിരുന്നു.ചാത്തന് വേണ്ടരീതിയിൽ ആരാധനകിട്ടാത്തതിൽ കോപിച്ച് മനക്കൽ പലവിധ ശല്യങ്ങളും ദുരിതങ്ങളും ഉണ്ടായതിനെ തുടർന്ന് ദേവപ്രശ്നം വെയ്ക്കുകയും ചാത്തനെ ക്ഷേത്രത്തിൽ കാട്ടിൽ ബന്ധിപ്പികുകയും ചെയ്തു കൂട്ടത്തിൽ മനക്കൽ അറയിലിരുന്ന ഭദ്രകാളിദേവിയെകൂടി

ചാത്തകുടി ക്ഷേത്ര ശ്രീകോവിലിൽ പ്രതിഷ്ഠിക്കുകയും ചെയ്തു.ആണ്ടിൽ മൂന്നുപ്രാവശ്യം മനക്കൽ നിന്നും കൊണ്ടുവരുന്ന അട,അപ്പം,റവപൊടി,പഴം മുതലായ നിവേദ്യദിച്ചു വരുന്ന കുട്ടത്തിൽ ഭക്തജനങ്ങളുടെ വഴിപാടായി ധാരാളം അട നിവേദ്യങ്ങൾ തുടങ്ങി.ഇത് നാനാസ്ഥലങ്ങളിലും അറിഞ്ഞ് കാര്യസാധ്യത്തിനായി അടവഴിപാട് വർദ്ധിച്ചു വന്നു.ഭദ്രകാളിക്ക് മീനമാസത്തിലെ 13 മുതൽ 12 ദിവസത്തെ കളംഎഴുത്തും പാട്ടും 13ദിവസം ഗരുഡൻതുക്കവും നടത്തിവന്നിരുന്നു.ദുർഗ്ഗാദേവിക്ക് നവരാത്രി ദിവസങ്ങളിൽ നാവാഹവും പൂജയെടുപ്പും ഉത്സവമായി ആഘോഷിച്ചിരുന്നു.അതിനുശേഷം ദേവപ്രശ്നവിധിപ്രകാരം നവീകരണ കലശവും ധ്വജപ്രതിഷ്ഠയും നടത്തി ദുർഗ്ഗാദേവിക്ക് ഉത്സവം.8 ദിവസം വിജയദശമി ആറാട്ടോടുകൂടി ആരംഭിച്ചു.അതോടുകൂടി ദേവിക്കും ഭദ്രകാളിദേവിക്കും ശക്തി വർദ്ധിക്കുകയും ക്ഷേത്രമാഹാത്മ്യം കൂടുകയും വഴിപാടുകൾ വർദ്ധിക്കുകയും ചാത്തന് അട പ്രധാന വഴിപാടായി നാനാദേശത്ത് നിന്നും എല്ലാ മതസ്ഥരും നടത്തി വരുന്നു.ചാത്തൻകുടി തൂക്കവും താലപ്പൊലിയും കളമെഴുത്തും പാട്ടും വളരെ പ്രാധാന്യമുള്ളതാണ്.മീനം 25 ന് ഗരുഡൻതുക്കം വരെ നടത്തുന്നു.

അരികുളങ്ങര ശ്രീദുർഗ്ഗ ഭഗവതിക്ഷേത്രം

വൈക്കം കോട്ടയം റോഡിൽ വൈകത്ത്നിന്നും 3 കി.മീറ്റർ ദൂരത്ത് സ്ഥിതി ചെയ്യുന്ന ക്ഷേത്രം സ്വയംഭൂവായ ദുർഗ്ഗാ ദേവിയുടെ ചൈതന്യരഹസ്യമുള്ള പുണ്യക്ഷേത്രം ആണ്.1987 മുതൽ കേരള ക്ഷേത്രസംരക്ഷണസമിതി ഭരണം നടത്തി വരുന്നു.ദുർഗ്ഗാ ദേവിയോടൊപ്പം ശ്രീകോവിലിനുള്ളിൽ ശാസ്ത്താവിന്റെ സാന്നിധ്യം ഉള്ളതായി പറയപ്പെടുന്നു.അടുത്തുള്ള മരങ്ങാട്ടില്ലതിന്റെ വകയാണ് ക്ഷേത്രം.അരികുളങ്ങര ദേവിക്ഷേത്രം വയലിന്റെ മധ്യഭാഗത്തായി സ്ഥിതി

ചെയ്യുന്നു.ചുറ്റുംകുറ്റിക്കാടുകൾ നിറഞ്ഞ പ്രദേശം ആയിരുന്നു ഇത്.നെല്ലിനു പകരം അരി വിളഞ്ഞ മണ്ണായത് കൊണ്ടാണ് ഇവിടം അരികുളങ്ങര എന്ന പേര് പറയപ്പെടുന്നത്.പാടത്ത് ജോലി ചെയ്തിരുന്ന ഒരു സ്ത്രി ഈ അരിക്ക് പകരം ചോറയിരുന്നെങ്കിൽ ഉണ്ടാൽ മതിയായിരുന്നല്ലോ എന്ന് അഹങ്കാരം പോലെ പറഞ്ഞു എന്നും അരി വിളഞ്ഞ പാടത്ത് പിന്നിട് നെല്ലെവിളയാറുള്ളൂ എന്നും ഐതീഹ്യം പറയപ്പെടുന്നു.പാടത്ത് നെല്ല് കൊയ്തു കൊണ്ടിരുന്ന സ്ത്രികളിൽ ഒരാൾ അരുവായ്ക്ക് മൂർച്ച കൂട്ടുന്നതിനു അടുത്തുള്ള കുറ്റിക്കാട്ടിൽ കണ്ട ഒരു കരിങ്കൽ കഷ്ണത്തിൽ അരുവ ഉരച്ചപ്പോൾ ചോര കണ്ട് ഭയപ്പെട്ടു അവർ മനക്കൽ വിവരം അറിയിച്ചു.അവിടെ കണ്ടത് ഭഗവതിയുടെ പരാശക്തി ചൈതന്യം ആണെന്ന് മനസ്സിലാക്കി ദേവിയെ പ്രതിഷ്ഠിക്കുകയുമാണ് ഉണ്ടായത്.ഇവിടെ നിന്നാണ് ഇന്ന് കാണുന്ന അരികുളങ്ങര ഭഗവതി ക്ഷേത്രം ആയി മാറിയത്.

ഗ്രാമീണപശ്ചാത്തലത്തിൽ ജലാശയങ്ങളുടെയും പാടശേഖരങ്ങളുടെയും പച്ചപ്പിന്റെയും നടുവിൽ കുടികൊള്ളുന്നു.പഴമകൾ നിലനിർത്തികൊണ്ട് തന്നെയാണ് ക്ഷേത്രം പണികഴിപ്പിച്ചുട്ടള്ളത്.ഏകദേശം 900 പരം വർഷം കഴിഞ്ഞു ഈ ക്ഷേത്രം പണി കഴിപ്പിച്ചിട്ടു.കയറി വരുന്നത് ഇരുവശങ്ങളും ഇരിപ്പിടമുള്ള മുഖായാമത്തിലേക്കാണ്.പ്രാർത്ഥനകൾക്കും ധ്യാനത്തിലും ഭക്തർ ഇരിക്കുനത് ഈ മുഖയാമത്തിലാണ്.മുഖയാമത്തോട് ചേർന്ന് വലിയമ്പലം പണി കഴിച്ചിരിക്കുന്നു.ഗണപതി ഈ വലിയമ്പലത്തിൽ ആണ് നടന്നു വരുന്നത്.ദേവിയുടെ മൂലസ്ഥാനം കാണുന്നത് വലിയമ്പലം കഴിഞ്ഞു കാണുന്ന ഗർത്താങ്കണത്തിലാണ്.അന്തരീഷത്തിൽ വരുന്ന എല്ലാ മാറ്റങ്ങളും പരാശക്തിയായ ദേവിക്ക് അറിയാൻ കഴിയും എന്നത് പ്രത്യേകതയാണ്.ശ്രീകോവിലിന് മുകൾവശം ശൂന്യമായത് കൊണ്ട് തന്നെ

മഴ,വെയിൽ,കാറ്റ് മുതലായവ പ്രകൃതിയുമായി ബന്ധപ്പെട്ട എല്ലാ മാറ്റങ്ങളും ഇതിൽ പതികുന്നു.സ്വയംഭൂ ശിലയിൽ വടക്ക് കിഴക്കേ മൂലയിൽ സ്ഥിതി ചെയ്യുന്ന സർപ്പകാവിനു സവിശേഷതകൾ അനവധിയാണ്.പരാശക്തിയുടെ സമീപത്ത് വസിക്കുന്ന കാവായതുകൊണ്ട് തന്നെ സർപ്പങ്ങളുടെ ശക്തി മനുഷ്യചിന്തകൾക്കും അപ്പുറമാണ്.എല്ലാ ആയില്യം പൂജ നടത്തി വരുന്നു.

സർപ്പകാവിൽ ചേർന്നുള്ള ആൽമരക്ഷേത്രത്തിന് മറ്റൊരു അലങ്കാരം കൂടിയാണ്.1996 മാർച്ച് 6ന് ഭദ്രകാളിദേവിയെ പ്രതിഷ്ഠകർമ്മങ്ങൾ നടത്തി പ്രതിഷ്ഠിച്ചു.തീയ്യാട്ട്,ഗരുഡൻതുക്കവും ഈ ക്ഷേത്രത്തിൽ പണ്ട് നടത്തിവന്നിരുന്നതായി പഴമക്കാർ പറയുന്നു.ക്ഷേത്രത്തിന്റെ തെക്ക് കിഴക്ക് ഭാഗത്ത് ഉപദേവതകളെ പ്രതിഷ്ഠിചിരിക്കുന്നു.അറുകുലനേദ്യം കറുത്തവാവ് ദിവസം നടത്തി വരുന്നു.വൈക്കം മഹാദേവക്ഷേത്രവുമായി പുനപ്രതിഷ്ഠയുമായി ബന്ധപ്പെട്ട് വന്ന യോഗീശ്വരൻ തപസിരിക്കുന്നത് ഈ പുണ്യഭൂമിയിലാണ് എന്ന് പറയപ്പെടുന്നു.ക്ഷേത്രത്തിന്റെ താന്ത്രികം മോനാട്ടുമണകാണ്.വിഷു ദിവസം സ്വയംഭൂവായ ദുർഗ്ഗാസാനിദ്ധത്തിൽ നടക്കുന്നു.ഐശ്വര്യസമൃദ്ധിക്കായി ചിങ്ങം ഒന്നാം തീയതി നടക്കുന്ന പൂമുടൽ ചടങ്ങിൽ ചെണ്ടമേളം കലശപൂജയോട് കൂടി പൂമുടൽ വഴിപാട് നടക്കുന്നു.ധനുമാസത്തിൽ നവരാത്രി സംഗീതോത്സവവും നടക്കുന്നു.

തോട്ടറമുറ്റം മഹാദേവിക്ഷേത്രം

വൈക്കപ്രയാർ

തോട്ടറമുറ്റം ദേവിയുടെ മഹാത്മ്യം അതിപുരാതനമാണ്.തോട്ടറമുറ്റം കുടുംബത്തിൽ കുട്ടികൾ കളിച്ചു കൊണ്ടിരുന്ന സമയത്ത് ഒരു മുത്തശ്ശി തുണികെട്ടുമായി വരുകയും കുട്ടികളുമായി കൂട്ടുകൂടുകയും ചെയ്തു.കുട്ടികളുടെ കൂടെ ഉറിയിൽ തൂക്കി ഇട്ടിരിക്കുന്ന ചോറ് എടുത്തു ഭക്ഷിക്കുകയും കുട്ടികൾക്ക് ഒപ്പം ഉറങ്ങുകയും ചെയ്തു.ഇത് പല ദിവസങ്ങളിൽ ആവർത്തിച്ചപ്പോൾ കാരണവർക്ക് ദേവി ചൈതന്യം ബോധ്യപ്പെടുകയും ദേവിയെ ഇപ്പോൾ കാണുന്ന ക്ഷേത്രത്തിന് തെക്ക് വശത്തായി പ്രതിഷ്ഠിക്കുകയും ചെയ്തു.വലിയ വെളിച്ചപ്പാടിന്റെ നേതൃതത്തിലാണ് ചടങ്ങുകൾ അന്ന് നടന്നു വന്നിരുന്നത്.വെളിച്ചപ്പാടിന് ക്ഷേത്രത്തിന് സമീപം ഇരിപ്പിടം ഉണ്ട്.വൃശ്ചികമാസം അദ്ദേഹത്തിന് കലശം,ദാഹം,എന്നി ചടങ്ങുകൾ

നടത്തുന്നു.പിന്നിട് വന്ന തലമുറയിൽപ്പെട്ടവർക്ക് ക്ഷേത്രത്തിന്റെ ഭാരിച്ച ചിലവുകൾ നടത്തി കൊണ്ട് പോകുവാൻ കഴിയാതെ S.N.D.P യെ ഏൽപ്പിച്ചു.മീനഭരണി ഉത്സവം ആണ് പ്രധാന ഉത്സവം.(കുംഭം-മീനം,മാർച്ച്).കുലവാഴ
പുറപ്പാട്,തൃക്കൊടിയേറ്റ്,പള്ളിവേട്ട,അഭിഷേകങ്ങൾ,ആറാട്ട് മഹോത്സവം,പൊങ്കാല,ആൾതടി വരവ് തുടങ്ങിയ ശ്രേഷ്ടമായ ചടങ്ങുകളാൽ ആഘോഷിക്കുന്നു.കൂടാതെ ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം നടത്താറുണ്ട്.(ധനു,ഡിസംബർ)

സെന്റ് മേരീസ് ചർച്ച് ,വല്ലകം

ഇന്ന്വല്ലകത്തുള്ള നിരവധി പുരയിടങ്ങൾ പണ്ട് നിലങ്ങളായിരുന്നു. നെല്ലായിരുന്നു പ്രധാന കൃഷി. തെങ്ങും ഉണ്ടായിരുന്നു. ഇവയ്ക്കുള്ള ജലസേചനത്തിനു ഈ പ്രദേശത്ത് ധാരാളം തോടുകളും ഉണ്ടായിരുന്നു. അവയിൽ പലതും പൂർണ്ണമായോ ഭാഗീകമായോ നികത്തപ്പെട്ടെങ്കിലും സമീപപ്രദേശങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ തോടുകളുള്ള പ്രദേശം വല്ലകം തന്നെയാണ്. സമീപപ്രദേശത്തെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ തോടുകളുള്ള പ്രദേശം വല്ലകം തന്നെയാണ്. സമീപപ്രദേശ അപേക്ഷിച്ച് മണ്ണിനടിയിൽ ഉപ്പിന്റെ കലർപ്പില്ലാത്ത മണൽ നിക്ഷേപം കൂടുതൽ ഉള്ളതും ഈപ്രദേശത്താണ്. ഉയർന്ന പ്രദേശമായ തലയോലപ്പറമ്പിനും ഉപ്പ് കയറുന്ന കായലോര പ്രദേശമായ വൈക്കത്തിനുമിടയിൽ സമൃദ്ധമായ ശുദ്ധജലം കാർഷിക ആവശ്യത്തിനും ജീവജാലങ്ങൾക്കും മനുഷ്യർക്കും ലഭിക്കുന്ന സ്ഥലം എന്ന അർത്ഥത്തിൽ വല്ലം എന്ന പേരിൽ ഈ സ്ഥലം അറിയപ്പെട്ടിരുന്നു.ഈ

പ്രദേശത്തെ തോടുകളിൽ ധാരാളം താമരയുണ്ടായിരുന്നതായും ഹനുമാൻ മൃതസഞ്ചിവനി തേടി മരുത്വാമലയിൽ ചെന്നപ്പോൾ ഔഷധസസ്യത്തിന്റെ പേര് മറന്നുപോയതിനാൽ മരുത്വാമല അതേപടി കൊണ്ടുവരുകയും വല്ലകത്ത് എത്തിയപ്പോൾ ഹനുമാൻ താഴേക്ക് നോക്കി താമരപ്പൂക്കൾ കണ്ട് നിൽക്കുന്നതിനിടയിൽ മരുത്വാമലയുടെ ഒരു ഭാഗം ഉതിർന്നുവീണുണ്ടായതാണ് ഉതിർവേലിക്കുന്നെന്നും അത് ലോപിച്ചാണ് തുറുവേലിക്കുന്ന് ആയതെന്നും വിശ്വാസിക്കുന്നവരുണ്ട്.

താമര ധാരാളമുണ്ടായിരുന്ന ഇവിടങ്ങളിൽ താമരകിഴങ്ങുകളും ധാരാളമുണ്ടായിരുന്നു. ഔഷധ ആവശ്യങ്ങൾക്കായി അവ ശേഖരിക്കുന്നതിനും ദൂരദേശത്തുനിന്ന് ആളുകൾ ഇവിടെ വന്നിരുന്നത്രേ. അങ്ങനെ താമരക്കിഴങ്ങിനു പ്രശസ്തമായ ഇവിടം വല്ലൂകം എന്നും അറിയപ്പെടാൻ തുടങ്ങി.അങ്ങനെ വല്ലവും വല്ലൂകവും ചേർന്നതാണ് വല്ലകം ആയതെന്നു കരുതപ്പെടുന്നു.

ഈ പ്രദേശത്ത് ക്രിസ്ത്യാനികൾ എങ്ങനെ വന്നു എന്ന ചോദ്യത്തിനു നീണ്ട ചരിത്രമുണ്ട്. പണ്ട് കടുത്തുരുത്തി (കടൽ തുരുത്ത്) വരെയുള്ള ഭാഗം കടൽ ആയിരുന്നുവത്രേ. കാടലിനാൽ വയ്ക്കപ്പെട്ട സ്ഥലമായിരുന്നതിനാലാണ് വൈക്കം എന്ന പേരുണ്ടായത് എന്ന് കരുതപ്പെടുന്നു. അവസാനത്തെ പെരുമാളിന്റെ ഭരണകാലത്ത് കേരളം അദ്ദേഹത്തിന്റെ ആശ്രിതർക്ക് വീതിച്ച്കൊടുത്തു.അതിൽ ഒന്നാണ് വെണ്മല നാട്.വെണ്മലനാട് പിന്നീട് വടക്കം കൂർ തെക്കും കൂർ എന്നിങ്ങനെ രണ്ടായി പിരിഞ്ഞു.അന്നത്തെ വടക്കം കൂർ രാജവംശത്തിന്റെ കീഴിലായിരുന്ന സ്ഥലങ്ങളാണ് ഇന്നത്തെ വൈക്കംതാലൂക്ക് എന്നറിയാപ്പെടുന്ന ഭാഗങ്ങൾ.ഈ രാജവംശത്തിന്റെ ഒരു പ്രത്യേകത ഓരോ രാജാക്കന്മാർ മരിച്ച് അടുത്ത അവകാശിഭരണം ഏൽക്കുമ്പോൾ ഭരണത്തിന്റെ ആസ്ഥാനം മാറ്റികൊണ്ടിരുന്നു.അതിനാലാണ് വൈക്കം താലൂക്കിലെ പല സ്ഥലങ്ങളിലും ചെറുകൊട്ടാരങ്ങളുടെ അവശിഷ്ട്ങ്ങൾ കാണുന്നത്.

1742-ൽ മാർത്താണ്ഡവർമ്മ വടക്കംകൂറിനെ ആക്രമിച്ചു കീഴടക്കി തിരുവിതാംകൂറിനോട് ചേർത്തു.ഇപ്രകാരം വടക്കം കൂർ രാജവംശത്തിന്റെ ഭരണകാലത്ത് കുറച്ച്കാലം മുവാറ്റുപുഴയാറിന്റെ തീരുത്ത് കൊട്ടാരപറമ്പ് എന്ന് വിളിച്ചിരുന്ന പറമ്പിലായിരുന്നെന്നും (ഇപ്പോഴത്തെ ആറ്റുവേലകടവിനടുത്ത്) ആ രാജകുടുംബത്തിലേക്ക് എണ്ണതൊട്ടു കൊടുക്കുന്നതിനും മറ്റുമായി ഏതാനും ക്രിസ്തീയകുടുംബങ്ങളെ രാജധാനിക്കടുത്ത് താമസിപ്പിച്ചിരുന്നെന്നും വടയാറിന്റെ ചരിത്രരേഖകളിൽ കാണുന്നു. ജപങ്ങൾ ഉരുവിടുകയോ മന്ത്രം ചൊല്ലുകയോ ചെയ്യുന്നവരെ ഉന്നതരും ശ്രേഷ്ഠരുമായി ഭാരതീയ സംസ്കാരത്തിൽ കരുതിയിരുന്നു. ഹൈന്ദവമതത്തിൽ അതിനായി മാറ്റപ്പെട്ടവരെ 'തിരുമേനിമാർ' എന്ന് വിളിച്ചിരുന്നു.എന്നാൽ ക്രൈസ്തവമതത്തിൽ എല്ലാവരും തുടർച്ചയായി പ്രാർത്ഥനകളും ജപങ്ങളും ചൊല്ലുന്നവരായിരുന്നതിനാൽ അവരെ 'മഹാപിള്ള' (മാപ്പിള) എന്നാണ് ആദരവോടെ വിളിച്ചിരുന്നത്. നസ്രായന്റെ അനുയായികളെന്ന അർത്ഥത്തിൽ 'നസ്രാണികൾ' എന്നും അറിയപ്പെടുന്നു. 'നസ്രാണിതൊട്ടാൽ ശുദ്ധമാകും ' എന്നചൊല്ല് പ്രചാരത്തിലായി. അതിന്റെ വെളിച്ചത്തിൽ നസ്രാണികളാണ് എണ്ണ തൊട്ടുകൊടുക്കുന്നതിന് നിയുക്തരായിരുന്നത്. കൊട്ടാരപറമ്പിൽ താമസിച്ചിരുന്നതിന് രാജാവ് നസ്രാണികൾക്ക് കൊട്ടാരത്തിനടുത്തുതന്നെ പള്ളി പണിയിച്ചുകൊടുത്തിരുന്നെങ്കിലും പിന്നീട് അത് ഇപ്പോഴത്തെ വടയാർ പള്ളിയുടെ അങ്ങോട്ട് മാറ്റിസ്ഥാപിച്ചു.ഇന്നത്തെ വല്ലകം പള്ളിയുടെ കുറച്ച് ഭാഗങ്ങൾ വടയാർപള്ളിയിൽ നിന്നും തിരിഞ്ഞതാണ്.ഇവിടുത്തെ ക്രിസ്ത്യാനികൾക്ക് തെങ്ങ്കൃഷി, തേങ്ങാകച്ചവടം, എണ്ണച്ചക്കുകൾ, എണ്ണക്കച്ചവടം എന്നിങ്ങനെ എണ്ണയുമായി നേരിട്ടും അല്ലാതെയുമുള്ള ബന്ധങ്ങൾക്ക് കാലങ്ങളുടെ പഴക്കമുണ്ട്. പല നാടുവാഴികളും തങ്ങളുടെ കൊട്ടാരങ്ങളോട് ചേർന്ന് ക്രിസ്ത്യനികളെ പാർപ്പിച്ചിരുന്നു. അങ്ങനെയാണ് വൈക്കം താലൂക്കിലെ വല്ലകം ഉൾപ്പെടെയുള്ള പലസ്ഥലങ്ങളിലും പണ്ടുമുതലേ വളരെ ചുരുക്കം ക്രിസ്ത്യനികൾ ഉണ്ടാകുവാൻ കാരണമായത്.

പിന്നീട് വിവാഹത്തിലൂടെയും ബന്ധത്തിലൂടെയും കാർഷിക ആവശ്യങ്ങളെ പ്രതിയും വ്യാവസായിക ആവശ്യങ്ങളെ പ്രതിയും പല ഭാഗങ്ങളിൽ നിന്നും ക്രിസ്ത്യാനികൾ ഇവിടേക്ക് വരുവാൻ തുടങ്ങി. വല്ലകം ഇടവകയുടെ കൂടുതൽ ഭാഗവും വൈക്കം ഫൊറോന ഇടവകയുടെ ഭാഗമായിരുന്നു. വൈക്കം ഫൊറോന ഇടവകയിലെ ആദ്യകാല ക്രിസ്ത്യാനികളെ നമ്പൂതിരിമാർ എന്നതൊട്ടു ശുദ്ധീകരിക്കുന്നതിനായി മഹാദേവർ പട്ടണത്തിൽനിന്നു കൊണ്ടുവന്നതായി രേഖകളിൽ കാണുന്നുണ്ട്.

വടയാർ പ്രദേശത്തെ മാർപാടി മനയുടെയും വൈക്കംപ്രദേശത്തെ മരങ്ങാട്ടു മനയുടെയും ഉടമസ്ഥതയിലായിരുന്നു വല്ലകത്തെ ഭൂരിഭാഗം സ്ഥലങ്ങളും എന്ന് പഴയ രേഖകൾ പരിശോധിച്ചാൽ വ്യക്തമാകും.അവരുടെ സ്ഥലങ്ങൾ പാട്ടമായും തീറായും വാങ്ങി കാർഷിക ജോലികളിൽ ഏർപ്പെട്ട് ഉപജീവനം നടത്തിയവരാണ് വല്ലകത്തെ പഴയതലമുറയിലുള്ളവർ.അന്ന് വല്ലകത്തിന്റെ സാമ്പത്തിക അടിത്തറ നെല്ല്, നാളികേരം, എന്നിവയെ ആശ്രയിച്ചിരുന്നു. ഇന്ന് ജാതി, തെങ്ങ്,പച്ചക്കറികൾ,എന്നിവ കൃഷിചെയ്യുന്നു.

വല്ലകത്ത് മാതാവിന്റെ നാമധേയത്തിൽ പള്ളി സ്ഥാപിതമായതോടെ ഈ നാടിനു അത്മീയവും സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവുമായ തലത്തിൽ വളരെയേറെ വളർച്ചയുണ്ടായിട്ടുണ്ട്.നാനാ ജാതി മതസ്ഥർക്ക് വീട്നിർമ്മാണം,കക്കൂസ് നിർമ്മാണം, വിദ്യാഭ്യാസ സഹായം,ജോലി, ദുരിതാശ്വാസങ്ങൾ, ചികിത്സാസഹായംഎന്നിങ്ങനെ നിരവധി സഹായങ്ങൾ ഈ പള്ളിയും അരമനയും ഭക്തസംഘടനകളും വഴി നൽകുന്നുണ്ട്.

ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ സവർണ്ണാധിപത്യമായിരുന്നു. അന്ന് അവർണ്ണർക്ക്തിരുവിതാംകൂർ രാജ്യത്തിന്റെ പൊതു സ്കൂളുകളിൽ പ്രവേശനംലഭ്യമായിരുന്നില്ല.ആ പശ്ചാത്തലത്തിൽ ഈഴവർ മുതൽ താഴേക്കുള്ളവരുടെ വിദ്യാഭ്യാസ ആവശ്യത്തിനുവേണ്ടിയാണു വല്ലകം പള്ളി 1916-ൽ സ്കൂൾ ആരംഭിച്ചത്.

വൈക്കംസത്യാഗ്രഹം ആരംഭിക്കുന്നതിനുമുൻപേ വല്ലകം പള്ളി വിദ്യാഭ്യാസ വിപ്ലവത്തിനു തുടക്കം കുറിച്ചു.

തിരുനാളുകൾ

- അമലാപുരി കുരിശുപള്ളിയിലെ തിരുനാൾ - ജനുവരി 3- ഞായർ
- ഇടവകയുടെ പ്രധാന തിരുനാൾ
    - മാതാവിന്റെ ശുദ്ധീകരണ തിരുനാളായ ഫെബ്രുവരി രണ്ടാം തീയതി കഴിഞ്ഞുവരുന്ന ഞായറാഴ്ച.
- അന്തോണീസിന്റെ (കപ്പോളതിരുനാൾ)
    - പ്രധാന തിരുനാളിന്റെ തലേദിവസം.
- സെബാസത്യാനോസിന്റെ തിരുനാൾ.
    - പ്രധാന തിരുനാളിന്റെ മുൻപുള്ള ഞായറാഴ്ച.
- വി.യൌസേപ്പിതാവിന്റെ മരണ തിരുനാൾ - മാർച്ച് 19.
- ഉയർപ്പ് തിരുനാൾ.
    - മാർച്ച് 21 കഴിഞ്ഞുവരുന്ന പൗർണ്ണമിദിനത്തിനു ശേഷമുള്ള ഞായർ
- വി.ഗീവർഗ്ഗീസിന്റെ തിരുനാൾ.
    - ഏപ്രിൽ 23 കഴിഞ്ഞു വരുന്ന ഞായർ
- മാതാവിന്റെ വണക്കമാസതിരുനാൾ - മെയ് 31.
- പെന്തക്കോസ്ത് തിരുനാളും കുട്ടികളെ എഴുത്തിനിരുത്തലും .
    - ഉയർപ്പിനുശേഷം ഏഴാം ഞായർ
- തിരുഹൃദയ തിരുനാൾ
    - പെന്തക്കോസ്ത് തിരുനാൾ കഴിഞ്ഞ് പത്തൊൻപതാം ദിവസം.
- തോമസ്ലീഹയുടെ ദു:ഖ്റാനതിരുനാൾ - ജൂലൈ 3
- മാതാവിന്റെ സ്വർഗ്ഗാരോഹണ തിരുനാളും ഇന്ത്യൻസ്വാതന്ത്ര്യ ദിനാനുസ്മരണവും -ആഗസ്റ്റ് 15

- ജപമാലയാചരണം - ഒക്ടോബർ മാസത്തെ ആദ്യപത്തുദിവസം പള്ളിയിൽ, അവസാന പത്തുദിവസം അമലാപുരി പള്ളിയിൽ .
- യൂദാതദ്ദേവൂശിന്റെ (ഒക്ടോബർ 28) കപ്പോളതിരുനാൾ ഒക്ടോബർ അവസാന ശനി.
- സകല മരിച്ചവരുടേയും ഓർമ്മ - നവംബർ 2 .
- പിറവിതിരുനാൽ - ഡിസംബർ 25.

സമാഹരിച്ചത്;
സെന്റ് മേരീസ് ചർച്ച്, വല്ലകം.
ഇടവക ഡയറക്ടറി 2016

നക്കം തുരുത്ത് മുഹിയിദ്ദീൻ ജമാത്ത്

കൊല്ലവർഷം 1103-ൽ കർക്കിടക മാസം 11- തീയതി കുണ്ഡിശാലിൽ കുടുംബാഗംങ്ങൾ പള്ളിക്ക് വേണ്ടി സ്ഥലം വാങ്ങി. ഒക്കുബാദക് ആരാധനാപ്രകാരം സ്ഥലം പള്ളിക്ക് വിട്ടുകൊടുത്തു. അതേതുടർന്ന് പള്ളി പണിയുകയും (ഓലമേഞ്ഞ) തുടർന്ന് കടേപറമ്പിൽ അരിക്കുഞ്ഞു ഷാജി ഒരേക്കർ സ്ഥലം പള്ളിക്ക് ദാനം ചെയ്യുകയും ചെയ്തു. എറണാകുളത്തുകാരനായ ഒരു സമുദായ പ്രമുഖൻ പത്തു സെന്റ്സ്ഥലം വാങ്ങി പള്ളിക്ക് ദാനം ചെയ്തു.ഇന്ന് പള്ളി രണ്ടരഏക്കർ പള്ളി സ്ഥിതിചെയ്യുന്നു.

പ്രവാചകന്റെ പരമ്പരയിൽപ്പെട്ട അസെയ്യിദ് മുട്ടുക്കോയത്തങ്ങൾ (കൊയിലാണ്ടി സ്വദേശി) വൈക്കം സന്ദർശിക്കുകയും ഇവിടെ വച്ച് മരണപ്പെടുകയും ഉണ്ടായി. അദ്ദേഹത്തിന്റെ മഖ്ബറ ശരീഫ് ഇവിടെ സ്ഥിതിചെയ്യുന്നു. അദ്ദേഹത്തിന്റെ പേരിൽ നാനാജാതിമതസ്ഥർ നേർച്ചകൾ

അർപ്പിക്കുന്നത് ഇവിടെ പതിവാണ്. പള്ളിയിൽ 5 സമയം നമസ്ക്കാരത്തിന് ക്രമീകരണങ്ങൾ ഉണ്ട്.

പ്രാർഥനാവശ്യത്തിനും , ഖബർ അടക്കാനും വേണ്ടി സ്ഥാപിച്ചകാലത്ത് 4,5 കുടുംബങ്ങൾ മാത്രമായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. ഇന്ന് 180 കുടുംബങ്ങൾ നക്കം തുരുത്ത് മുഹിയിദ്ദീൻ ജമാത്തിനുകീഴിൽ ആരാധന നടത്തിവരുന്നു. നാനാജാതി മതസ്ഥരുടേയും ജനകീയ സാന്നിധ്യത്തിൽ ഈ പള്ളി ഇന്ന് ഈ പ്രദേശത്തിന്റെ ഉയർച്ചയിൽ പങ്കുവഹിക്കുന്നു. ദിഖർ - ആണ്ടുനേർച്ച നടത്തപ്പെടുന്നുണ്ട്. നബിതിരുന്നാൽ ആഘോഷങ്ങൾ ഇവിടെ നടത്തപ്പെടുന്നു. മതപാഠശാല ഇവിടെ പ്രാവർത്തിക്കുന്നു.ഈ പള്ളിയുടെ കീഴിൽ ഇത്തിപ്പുഴ തെക്കാവ് ജമാത്ത് പ്രവർത്തിക്കുന്നു.

പരിസ്ഥിതി

കാലാവസ്ഥയെ പ്രധാനമായും മൂന്നായി തിരിക്കാം

ഭൂപ്രകൃതി

കേരളത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് ഉദയനാപുരം പഞ്ചായത്തിൽ സമതലങ്ങളും ചതുപ്പ് പ്രദേശങ്ങളുമാണ് ഉള്ളത്. ഇത് സമുദ്ര നിരപ്പിൽ നിന്നും ഉയർന്നതെന്നും താഴ്ന്നതെന്നും രണ്ടായി തരം തിരിക്കാം. സമുദ്ര നിരപ്പിൽ നിന്നും താഴ്ന്നപ്രദേശം പാടശേഖരങ്ങളാണ്.

മഴക്കാലം

ജൂൺ, ജുലൈ, ആഗസ്റ്റ്, സെപ്റ്റംബർ, മാസങ്ങളിലാണ് മഴക്കാലംഅനുഭവപ്പെടുന്നത്. ജൂൺ, ജുലൈ മാസങ്ങളിലാണ് കാലവർഷം ശക്തം. ഈ മാസങ്ങളിൽ ഗ്രാമത്തിന്റെ മിക്ക ഭാഗങ്ങളിലും, പടശേഖരങ്ങളിലും വെള്ളപ്പൊക്കം അനുഭവപ്പെടുന്നു. കൂടാതെ ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷം ലഭിക്കുന്നു. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മഞ്ഞു കാലവും ഏപ്രിൽ, മെയ് മാസങ്ങളിൽ വേനൽക്കാലവും അനുഭവപ്പെടുന്നു. ഈ സമയങ്ങളിൽ ഗ്രാമത്തിലെ തോടുകളും കുളങ്ങളും വറ്റുകയും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു.

മണ്ണ്

പഞ്ചായത്തിന്റെപകുതിയോളംപ്രദേശംചരൽ കലർന്ന എക്കൽ മണ്ണും 15% നീർവാഴ്ച്ചയുള്ള പൊടിമണ്ണും 35% കറുത്ത നിറത്തിലുള്ള പൊടിമണ്ണും ആണ്.പഞ്ചായത്തിന്റെ കുറച്ച് ഭാഗത്ത് ചെമ്മണ്ണ് കാണപ്പെടുന്നു.പഞ്ചായത്തിനെപൊതുവെകായൽത്തീരം,സമതലപ്രദേശം,ആറ്റുതീരം,എന്നിങ്ങനെമൂന്നായികണക്കാക്കുന്നുണ്ട്.തീരപ്രദേശങ്ങളിൽഅല്പംതാഴ്ചയുണ്ട് . തീരത്തോട്അടുക്കുംതോറുംമണ്ണിന്പശിമകൂടിവരുന്നതായികാണാം.

ജലസ്രോതസുകൾ

ജലസമ്പത്തിന്റെ കാര്യത്തിൽ ഉദയനാപുരം പഞ്ചായത്തിന്റെ സ്ഥിതി മെച്ചപ്പെട്ടതാണെങ്കിലും അവ വേണ്ട വിധം പ്രയോജനപ്പെടുത്താനുള്ള പദ്ധതികളുടെ അഭാവം തുടർന്നുകൊണ്ടിരിക്കുന്നു.വടക്കു കിഴക്ക് നിന്ന് തെക്കോട്ടും, പടിഞ്ഞാറോട്ടുമായി ഒഴുകുന്ന നിരവധി തോടുകൾ ഈ പഞ്ചായത്തിലുണ്ട്.നാരകത്തറ, ചെമ്മനാകാരി, വെള്ളർക്കാട്, പാമ്പിഴഞ്ഞി, മാടവന, ഇടയാർ,ഇത്തിപ്പുഴ, മൂത്തേരി, കണിയാൻ തോട്, കണ്ണാട്ടുതോട്, തമ്പിത്തറത്തോട്, വല്ലകം-വാഴമന, കണ്ടംകേരി, ഈനാംതുരുത്തിൽ , കണ്ണങ്കേരി, തുടങ്ങിയ 33.5 കി.ലോ. മീറ്റർ ദൈർഘ്യംവരുന്ന പ്രധാന തോടുകളും വിവിധ വാർഡുകളിലായി കിടക്കുന്ന എഴുപതിനുമേൽ സ്വകാര്യ കുളങ്ങളും ശ്രീനാരായണപുരം, ഇരുമ്പൂഴിക്കര, നേരേകടവ്,തുടങ്ങിയ സ്ഥലങ്ങളിലായി അരഡസനിലധികം പൊതുകുളങ്ങളും ഉൾപ്പെടുന്ന ജലസമ്പത്ത് ഈ പഞ്ചായത്തിനുണ്ടായിരുന്നു.

ഗ്രാമീണജീവനോപാധികൾ

മത്സ്യബന്ധനം

ഉദയനാപുരം പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗം ഉദ്ദേശം മൂന്നു കിലൊമീറ്റർ നീളത്തിൽ വേമ്പനാട്ടുകായലിന്റെ തീരമാണ്. വടക്കുഭാഗം ഇത്തിപ്പുഴാറും അതിന്റെ കൈവഴികളായ തോടുകളും സ്ഥിതിചെയ്യുന്നു.കിഴക്കും തെക്കും കരിയാറും മുവാറ്റുപുഴയുടെ മറ്റൊരു കൈവഴിയും കിടക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ കായലും പുഴയുമായി ജലാഷയത്താൽ വലയം ചെയ്യപ്പെട്ടുകിടക്കുന്ന ഒരു പഞ്ചായത്തെന്ന നിലയിൽ മത്സ്യബന്ധനത്തിന് ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനമുള്ള പഞ്ചായത്താണിത്. ഇതിനും പുറമേ ധാരാളം ഉൾത്തോടുകളും ചാലുകളും വൻ കുളങ്ങളും ഉൾപ്പെടെ ഒട്ടേറെ ഉൾനാടൻ ജലാശയവും ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു.

ഒരു കാലത്ത് മത്സ്യബന്ധനത്തിന് ഉപയോഗിച്ചിരുന്നത് ഉണ്ടാവല, വട്ടവല, പറ്റുകണ്ണി, വടിവല, വീശുവല,ഓടുവാല,

എന്നിവയായിരുന്നു. ഇവയെല്ലാം തന്നെ കായലിൽ ഉപയോഗിച്ചിരുന്നെങ്കിലും പുഴയിലും,ഉൾനാടൻ തോടുകളിലും പറ്റുകണ്ണി ഒഴികെയുള്ള വളകൾ മാത്രം ഉപയോഗിച്ചിരുന്നു.ഇവ കൂടാതെ ചെറിയ തോതിലാണെങ്കിലും കൂട്, ഒറ്റാൽ, ചൂണ്ട,തെറ്റാൽ, വല്ലം ,പടല്, തുടങ്ങിയ രീതികളും പഴയകാലത്ത് പ്രയോഗത്തിലുണ്ടായിരുന്നു.

കൊഞ്ച്, കൊക്കൻകൂരി, തിരുത, കണമ്പ് ,കാളാഞ്ചി, നെയ്മീൻ, ചുറക്, പൂമീൻ, കരിമീൻ, കൂടാതെ ചെറുമൽസ്യങ്ങലായ കുറിച്ചിൽ, പള്ളത്തി, കോലാ, നങ്ക്, എന്നിവയും ചെമ്മീൻ ഇനത്തിൽപ്പെട്ട നാരൻ, കാരചൂടൻ, തെള്ളി, കൊഞ്ച്, എന്നീ ഇനങ്ങൾ കായലിലും, കാരി, കൂരി, വരാൽ, മുഴി, പരൽ, കുരുവ, കണ്ണി,തുടങ്ങിയവ ഉൾനാടൻ ജലാശയങ്ങളിലും ധാരാളമായി ഒരു കാലത്തുണ്ടായിരുന്നു.ഇവയിൽ പലതും പിൽക്കാലത്ത്വിരളമായിത്തീരുകയും ചിലതിനെങ്കിലും വംശനാശം സംഭവിക്കുകയും ചെയ്തതായികാണുന്നു.

പരമ്പരാഗതതൊഴിലുകൾ

പരമ്പരാഗതതൊഴിൽമേഖലയുടെകലവറയായിഉദയനാപുരത്തെവിശേഷിപ്പി ക്കാം.

കയർനിർമാണതൊഴിൽ,പശുവളർത്തൽ,തഴപ്പായ്നെയ്ത്ത്,ഓലമെടച്ചിൽ,മൺപാ ത്രനിർമ്മാണം, തുടങ്ങിയമേഖലയിൽ പണിയെടുക്കുന്നവരാണ്അധികവും. പഞ്ചാത്തിലെകൂടുതൽ ആളുകളുംചകിരിപിരിക്കലിലാണ്ഏർപ്പെട്ടിരക്കുന്നത്. തൊണ്ട്ഉപയോഗിച്ച് ചകിരിഉണ്ടാക്കുന്നരണ്ടുമൂന്നുഫാക്ടറിയുംഇവിടെയുണ്ട് . ഇങ്ങനെഉണ്ടാക്കുന്നചകിരിറാടുകൾ ഉപയോഗിച്ച് പിരിച്ചെടുക്കുന്നു. പിരിച്ചെടുത്തകയർ ഉപയോഗിച്ച ചവിട്ടികളും,തടുക്കുകളുംനിർമ്മിക്കുന്നു.

തഴപ്പായനെയ്ത്ത്

കൈതോലയാണ് തഴപ്പായനെയ്ത്തിന്ഉപയോഗിക്കുന്നത്.
കൈതയുടെഓലവെട്ടിയെടുത്ത്അതിന്റെമുള്ളുകൾ നീക്കംചെയ്യുന്നു.
കൈതയുടെഈമുള്ളുകളഞ്ഞപച്ചഓലരണ്ടായിമുറിച്ച്
കച്ളച്ച്മടികെട്ടിവയ്ക്കുന്നു. ഈമടികൾ വെയിലത്തുവച്ച്
നന്നായിഉണക്കിഎടുക്കുന്നു.
ഉണക്കിഎടുത്തമടിനിവർത്തിതണുത്തതുണികൊണ്ട്

മൂടിയിടുന്നുപൊളിനിവർത്തിനീളത്തിൽ കഷ്ണങ്ങളാക്കികോന്തിയെടുക്കുന്നു. ഇങ്ങനെകോന്തിയെടുത്തകഷ്ണങ്ങൾ ഉപയോഗിച്ച് പായനെയ്യാൻ തുടങ്ങുന്നു.

തഴപ്പായ കൊണ്ട് കരകൌശല വസ്തുക്കൾ ഉണ്ടാക്കുന്ന വ്യക്തികളും ഉദയനാപുരം പഞ്ചായത്തിലുണ്ട്.ഇത് ഉണ്ടാക്കുന്നതിന് ആദ്യം കൈതയുടെ ഓല ചെത്തിയടുത്ത് അതിന്റെ മുള്ളുകൾ കളഞ്ഞതിനു ശേഷം വെള്ളം തിളപ്പിച്ച് അതിൽ ഇരുപതു മിനിറ്റ് നേരം ഇട്ട് വേവിക്കണം. അതിനുശേഷം അത് തണുത്തവെള്ളത്തിലിട്ട് ഒരു ദിവസം രാത്രി മുഴുവൻ വയ്ക്കണം. രാവിലെ വെള്ളം കളഞ്ഞതിനുശേഷം വെയിലത്തിട്ട് ഉണക്കണം. ഇങ്ങനെ നന്നായി ഉണക്കിയ തഴ നല്ല വെള്ളകളറാകുന്നു. അതിനുശേഷം പയപോലെ കല്ലയില്ലാതെ നെയ്തെടുക്കണം. നെയ്തെടുത്ത പായ ഉണ്ടാക്കുന്നവസ്തുവിനനുസരിച്ച് മുറിചെടുക്കുക. ഇത് ഉപയോഗിച്ച് ഫയൽ, ഫ്ലവർവേസ്,വള്ളം പൂവട്ടി തുടങ്ങിയവ ഉണ്ടാക്കുന്നുണ്ട്.

മറ്റൊരു പരമ്പരാഗത തോഴിൽ എന്നത് ഓലമടച്ചിലാണ്.പച്ച ഓല വെട്ടിയെടുത്ത് അത് ഒരാഴ്ച വെള്ളത്തിലിട്ടു വയ്ക്കണം. ഇങ്ങനെ വെള്ളത്തിലിട്ട ഓല വെള്ളം പോയതിനു ശേഷം കീറിയെടുക്കുന്നു. ഇങ്ങനെ കീറിയെടുക്കുന്നു ഓല മെടഞ്ഞ് എടുക്കുന്നു. പണ്ടുകാലത്ത് വീടുകളുടെ മേല്ക്കൂരയും ചുറ്റും മറയ്ക്കുന്നതിനും ഇത്തരം മെടഞ്ഞ ഓല ഉപയോഗിക്കാറുണ്ടായിരുന്നു. ഇപ്പോൾ റിസോര്ട്ടുകളുടെയും മറ്റും കോട്ടേജുകൾ നിർമ്മിക്കുന്നതിനും ഉദയം പൂജനടക്കുന്ന സ്ഥലങ്ങളിലുമാണ് പ്രധാനമായും ഉപയോഗിക്കുന്നത്.

പച്ച ഓല വെള്ളത്തിലിടാതെ മെടഞ്ഞെടുത്ത് വല്ലങ്ങളും,പടലുകളും നിർമ്മിക്കുന്നു. ഇങ്ങനെ നിർമ്മിക്കുന്ന വല്ലങ്ങളും, പടലുകളും ഉപയോഗിച്ച് തോടുകളിൽ നിന്നും ആറുകളിൽ നിന്നും മീൻ പിടിക്കുന്നതിന് ഉപയോഗിക്കാറുണ്ട്.

കൃഷി

ഈ നൂറ്റാണ്ടിന്റെ മദ്ധ്യകാലം വരെ പ്രകൃതിയെ മാത്രം ആശ്രയിച്ചുള്ള ഒരു കൃഷി സംമ്പ്രദായമാണ്. ഇവിടെ നിലനിന്നിരുന്നത്.ഉഴാവിന്കാളയും കലപ്പയും, ജലസേചനത്തിന് ചക്രവും പെട്ടകവും മാത്രമായിരുന്നു നമുക്കാശ്രയം. അതിക്കിരാഴി, മുണ്ടകക്കണ്ണൻ, ഓർ മുണ്ടകൻ, ചേന്നാളി, പാണ്ടി, തുടങ്ങിയ വിത്തിനങ്ങൾ താണ നിലങ്ങളിലും മൂപ്പുകൂടിയതും കുറഞ്ഞതുമായ കൂട്ടുമുണ്ടകൻ, കൃഷി സമ്പ്രദായം കരപ്പാടങ്ങളിലും നാം സ്വീകരിച്ചിരുന്നു. മീനം മേടം മാസങ്ങളിൽ പൊടിവിതയായി ആര്യനും പത്തിന് മൂന്നുവച്ച് മുണ്ടകനും ചേർത്ത് വിതയ്ക്കുകയും കന്നിമാസത്തിൽ ആര്യൻ കൊയ്ത്ത് എടുക്കുകയും ചെയ്തുപോന്നു. അവശേഷിക്കുന്ന

മുണ്ടകൻ സംരക്ഷിച്ച് പല്ലിക്കടിച്ച് കളനീക്കി ജൈവവളം ചേർത്ത് മകരമാസത്തോടെ വിളവെടുപ്പ് നടത്തുകയും ചെയ്യുന്ന കൃഷി ശമ്പ്രദായമാണ് നിലവിലിരുന്നത്.

പഴയകാല കാർഷിക ഉപകരണങ്ങൾ

പെട്ടിയും പറയും

കേരളത്തിൽ നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങളിൽ ജലസേചനത്തിനായി ഉപയോഗിക്കുന്ന ഒരു സംവിധാനമാണ് പെട്ടിയും പറയും.കൃഷിയുടെ വിവിധ ഘട്ടങ്ങളിൽപാടശേഖരങ്ങളിൽ വെള്ളം കയറ്റിയും, ഇറക്കിയും ജലനിരപ്പ് നിയന്ത്രിച്ചു നിർത്താൻ പെട്ടിയും പറയും പൊതുവേ ഉപയോഗിച്ചുവരുന്നു.

രൂപകല്പന

മരത്തടികൊണ്ടാണ് സാധാരണ രീതിയിൽ പെട്ടിയും പറയും നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഒരുവശം തുറന്ന, ഉൾവശം പൊള്ളയായ ചതുരപ്പെട്ടിയും, പെട്ടിയുടെ അടച്ച വശത്തു അതിനുകീഴിലായി, അകം പൊള്ളയായ പറയും പിടിപ്പിച്ചിരിക്കുന്നു. പറ പെട്ടിയോടു ചേരുന്ന ഭാഗത്ത് ഒരു വലിയ ദ്വാരം തീർത്തിരിക്കുന്നു. പറക്കുള്ളിൽ ഏറ്റവും താഴെ

ഇലകളോട് കുടിയ, കറങ്ങുന്ന ഒരു നീളൻ ദൺഡ് ഉണ്ട്. (ചിലർ ഇതിന് ഇലവെട്ടു എന്ന് പറയുന്നു). പറയും പെട്ടിയും കടന്ന് മുകളിലേക്ക് തള്ളി നിൽക്കുന്ന ഈ ടൺഡി പെട്ടിക്കു മുകളിലായി ഒരു വലിയ ചക്രം ഘടിപ്പിച്ചിരിക്കുന്നു. അതായത് പെട്ടിക്കു മുകളിലെ ചക്രം കറക്കിയാൽ, അത് ഘടിപ്പിച്ചിരിക്കുന്ന നീളൻ ടൺഡും,ടൺഡിൽ പിടിപ്പിച്ചിരിക്കുന്ന ഇലകളും കറങ്ങും. മുകളിലെ വലിയ ചക്രത്തോട് ഒരു വൈദ്യുത മോട്ടറിൽ നിന്നുള്ള ബെൽറ്റ് ബന്ധിപ്പിച്ചിരിക്കുന്നു. പറ വെള്ളത്തിൽ മുങ്ങി കിടക്കത്തക്ക രീതിയിൽഒരു കുഴി (പറക്കുഴി)നിർമ്മിച്ച് അതിൽ പറ മുങ്ങുന്ന രീതിയിൽപെട്ടിയും പറയും സ്ഥാപിക്കുന്നു.

പ്രവർത്തനം

വൈദ്യുത പ്രവർത്തിക്കുമ്പോൾ അതുമായി ഘടിപ്പിച്ചിരിക്കുന്ന ബെൽറ്റ് മുഖേന പെട്ടിക്കു മുകളിലെ ചക്രം തിരിയുകയും, അതോടോപ്പം പറക്കുള്ളിലെ ടൺഡും, ഇലകളും തിരിയുന്നു.ജലത്തിൽ മിങ്ങിക്കിടക്കുന്ന ഇലകളുടെ അതി വേഗത്തിലുള്ള തിരിച്ചിൽ മൂലം പറക്കുള്ളിലൂടെ ജലം മുകളിലേക്ക് തള്ളപ്പെടുകയും, പറയുമായി ഘടിപ്പിച്ചിരിക്കുന്ന പെട്ടിയിൽ പ്രവേശിക്കുകയും ചെയ്യുന്നു.തുടർച്ചയായ തള്ളൽ മൂലം പെട്ടിയിൽ പ്രവേശിച്ച ജലം പെട്ടിയുടെ മറു വശത്തെ തുറന്ന ഭാഗത്ത് കൂടി പുറത്തേക്ക് ഒഴുകുന്നു.

ഔഷധ സസ്യങ്ങൾ

മുക്കുറ്റി, നിലപ്പന, ഉഴിഞ്ഞ, ബ്രഹ്മി, തഴുതാമ, കൈതോന്നി, നറുനീണ്ടി, വെറ്റില, രാമച്ചം, വള്ളിപ്പാല,കരിനച്ചി, കൂവളം, കണിക്കൊന്ന, പൂവാംകുറുന്നൽ,ഒരുചെവിയൻ, ചെറുപൂള, തഴുതാമ, കുറുന്തോട്ടി, ആടലോടകം, വള്ളിപിഴിഞ്ഞി, കിഴികാനെള്ളി, പടയിഞ്ച, മുറികൂട്ടി, ആനചെവിയൻ, കൃഷ്ണക്രാന്തി, എല്ലോടിയൻ, പുളി, തുളസി,തുടങ്ങി ധാരാളം ഔഷധ സസ്യങ്ങൾ ഉണ്ട്.

.

അനുഷ്ഠാനകലകൾ

തീയാട്ട്

കേരളത്തിന്റെമദ്ധ്യഭാഗത്തുംതെക്കൻപ്രദേശത്തുംപ്രചാരമുള്ളഅനുഷ്ഠാനകലാരൂപമാണ്തീയാട്ട്. സാധാരണഭദ്രകാളിക്ഷേത്രങ്ങളിലാണ്തീയാട്ട്നടത്തിവരുന്നത്. തീയാട്ട്എന്നചടങ്ങിൽതീപ്പന്തംഉഴിച്ചിലിനുപ്രാധാന്യംഉള്ളതുകൊണ്ടാണ്ആപേരവന്നതെവാദമുണ്ട്. കേരളത്തിൽപുരാതനകാലംമുതൽതന്നെതീയാട്ട്നടന്നുവരുന്നു. ക്ഷേത്രകലയിൽപ്പെട്ടഒന്നാണ്തീയാട്ട്.

പാരമ്പര്യമായിഉണ്ണിസമുദായത്തിൽപ്പെട്ടവരാണ്ഈകലാരൂപംഅവതരിപ്പിക്കുന്നത്.

പതിനെട്ടുപുരാണങ്ങളിൽഒന്നായമാർക്കാണ്ടെയപുരാണത്തിലെഭാദ്രേല്പത്തികഥയുമായിബന്ധപ്പെട്ടാണ്തീയട്ടിന്റെഐതീഹ്യം.

ഭദ്രകാളിയുംദാരികനുമായുള്ളയുദ്ധംകഴിഞ്ഞ്കൈലാസത്തിലെത്തിപിതാവായപരമശിവനോട്ദാരികനിഗ്രഹത്തെകുറിച്ചുവിവരിക്കുന്നതാണ്തീയാട്ടിലെപ്രദിപാദ്യം. തീയാട്ടിൽകൊട്ട്, പാട്ട്, കളംവരയ്ക്കൽന്അഭിനയംഇവയെല്ലാംസമ്മേളിക്കുന്നു. തീയാട്ടിനവിശദമായഅനുഷ്ഠാനങ്ങൾഉണ്ട്.

ചുവന്നവസ്ത്രംധരിച്ച്കിരീടവുംമുടിയുംചിലമ്പുംവാളുംപീഠവുമായിതീയാട്ട്അ
വതരിപ്പിക്കുക. ചെണ്ട, ഇലത്താളംഎന്നിവയുടെഅകമ്പടിയുംഉണ്ടാകും.
തീയാട്ട്അവതരിപ്പിക്കുന്നതിന്മുൻപായിഭദ്രകാളിയുടെബഹുവർണ്ണചിത്രംനില
ത്ത്കളമെഴുതിപൂജനടത്തും.
അതിനുശേഷംകളംമായ്ച്ച്ഭക്തർക്ക്പ്രസാദമായിനൽകുന്നു.
പിന്നീടുദേവിയുടെവേഷംഅണിഞ്ഞകലാകാരൻമാർതീയാട്ട്അവതരിപ്പിക്കുന്നു.

ഭാരതീയപ്രമാണമനുസരിച്ച്പരമശിവന്റെമകളാണ്ഭദ്രകാളി.
അസുരനായദാരികൻപരമശിവനിൽനിന്നുംവരംസമ്പാദിക്കുന്നു.
തന്റെഒരുതുള്ളിചോരഭൂമിയിൽവീണാൽഅതിൽനിന്നുംതന്റെതുല്യശക്തിയുള്ളആ
യിരംദാരികൻമാർഉണ്ടാകുമെന്നുംഒരുസ്ത്രീയാൽമാത്രമേതാൻമരണപ്പെടാവുഎ
ന്നതുംആയിരുന്നുവരം.വരംലഭിച്ചതോടെഅത്യധികംഅഹങ്കാരിയായദാരികൻദേ
വൻമാരേയുംമഹർഷികളെയുംആക്രമിക്കാൻതുടങ്ങി.
ഒടുവിൽദേവൻമാരുടെഅഭ്യർത്ഥനപ്രകാരംഭദ്രകാളിഅവതാരമെടുത്തു.
മഹാദേവന്റെശൂലവുമായിശംഖ് ചക്രം,
ഗദഖഡ്കാവുമായിവേതാളഖണ്ഡത്തിൽകയറിദേവിദാരികനെപോരിനവിളിക്കുന്ന
തുമുതലുള്ളരംഗങ്ങളാണ്തീയാട്ടിൽഅവതരിപ്പിക്കുന്നത്.
ദാരികവധംകഴിഞ്ഞ്കോപാകുലയായിദാരികശിരസസ്സുമായികൈലാസത്തിൽഎ
ത്തുന്നഭാഗവുംഅഭിനയിക്കുന്നു.പരമശിവനായിനിലവിളക്കിനെസങ്കൽപ്പിക്കുന്നു.
ശിരസ്സ്പിതാവിന്അർപ്പിച്ചദാരികവധംകഴിഞ്ഞകഥനൃത്തത്തിൽകൂടിയുംഅഭിന
യത്തിൽകുടിയുംശ്രീപരമേശ്വരനെപറഞ്ഞുമനസിലാക്കുന്നതുംഅവതരിപ്പിക്കുന്നു
.

തീയാട്ടിന്റെഅവസാനംപന്തംകത്തിച്ച്ഉഴിഞ്ഞ്തീപ്പോള്ളിഎറിഞ്ഞ്ഭൂതപ്രേതാദി
കളെയുംമറ്റുദോഷങ്ങളെയുംഅകറ്റുന്നു. ശേഷംമുടി (കിരീടം)
അഴിച്ച്ഉഴിഞ്ഞ്ചടങ്ങ്അവസാനിപ്പിക്കുന്നു.

ഗരുഡൻതൂക്കം

ഭദ്രകാളിക്ഷേത്രങ്ങളിൽദേവീപ്രീതിക്കായിനടത്തുന്നഅനുഷ്ഠാനകലയാണ്ഗരുഡൻതൂക്കവുമായിബന്ധപ്പെട്ടഐതീഹ്യംഎന്നത്ദാരികനിഗ്രഹത്തിനുശേഷംരക്തദാഹിയായികലിതുള്ളിനിൽക്കുന്നദേവിയുടെകോപംശമിപ്പിക്കുന്നതിനായിഭഗവാൻവിഷ്ണുഗരുഡനെഅയച്ചുവെന്നും,ഗരുഡൻദേവിയെസന്തോഷിപ്പിക്കുന്നതിനായിനൃത്തംചെയ്തുവെന്നുംഅതിനുശേഷംഗരുഡൻദേവിക്ക്സ്വന്തംരക്തംഅർപ്പിച്ചുവെന്നുമാണ്കഥ.ഗരുഡന്റെരക്തംകുടിച്ചതിനുശേഷമേദേവിയുടെകോപംഅടങ്ങിയുള്ളൂവത്രേ.
ചുണ്ടുംചിറകുമൊക്കെവച്ചുകെട്ടിയാണ്തൂക്കക്കാർഒരുങ്ങുന്നത്.
തൂക്കക്കാർനൃത്തംചെയ്തതിനുശേഷംതൂക്കച്ചാടിൽകയറുകയുംക്ഷേത്രത്തിനുപ്രദക്ഷിണംവച്ചക്തംദേവിക്കർപ്പിക്കുകയുംചെയ്യുന്നു.
ഗരുഡൻതൂക്കത്തിന്ഗരുഡൻപയറ്റ്എന്നുംപറയുന്നു.
പുരുഷന്മാർആണ്ഗരുഡൻപയറ്റിനേഷമണിയുന്നത്.
പിഞ്ചുകുഞ്ഞുങ്ങൾക്ക്ദേവിയുടെസംരക്ഷണംകിട്ടുന്നതിനും,
മാതാപിതാക്കൾക്ക്സന്താനലാഭംഉണ്ടാകുന്നതിനുംവേണ്ടിയാണ്ഇതുനടത്തുന്നതെന്ന്പഴമക്കാർപറയുന്നു.

സർപ്പംതുള്ളൽ

സർപ്പകാവുകളിൽപ്രത്യേകമാസങ്ങളിലെആയില്യംനാളുകളിലാണ്സാധാരണസർപ്പംതുള്ളൽനടത്താറുള്ളത്.
ആസമയത്ത്കാവുകളിൽപ്രത്യേകപൂജ്യയുംകളമെഴുത്തുംനടത്തുന്നു.
ഓരോനാഗങ്ങളുടെരൂപമായിരിക്കുംകളംവരയ്ക്കുന്നത്.
കളംവരച്ചത്തിനുശേഷംപ്രത്യേകപൂജ്യകർമ്മങ്ങൾനടത്തുകയുംപാട്ടുകൾപാടുകയുംചെയ്യുന്നു.
ഈസമയത്ത്സർപ്പത്തിന്റെഅനുഗ്രഹംചിലപ്രത്യേകവ്യക്തികൾക്ക്കിട്ടുന്നതായിട്ടാണവിശ്വാസം.
ആവ്യക്തികൾതുള്ളുകയുംസർപ്പത്തിന്റെചേഷ്ടകൾകാണിക്കുകയുംഅരുളപ്പാടുകൾനടത്തുകയുംചെയ്യുന്നു.
നാഗാരാധനയുമായിബന്ധപ്പെട്ടഅനുഷ്ഠാനങ്ങളിലെകർമ്മികൾപുള്ളുവരാണ്.
നാഗകളംവരയ്ക്കുന്നതുംഇവരാണ്.
പ്രത്യേകംഒരുക്കിയപന്തലിലാണ്കളംവരയ്ക്കുന്നത്.
പുള്ളുവനുംപുല്ലുവത്തിയുംപാടുന്നപാട്ടുകളിൽആദ്യംഗണപതിവന്ദനം.
തുടർന്ന്അഷ്ടനാഗങ്ങളെആവാഹിച്ചുകൊണ്ടുള്ളപാട്ടുമാണിവിടെപാടുക.
അനന്തൻ, വാസുകി, തക്ഷകൻ, കാർക്കോടകൻശംഖുപാലൻ, മഹാപത്മൻ, കാളിയൻ, എന്നിവയാണ്അഷ്ടനാഗങ്ങൾ.
അനുഗ്രഹംലഭിച്ചആളുകൾഈപാട്ടിന്റെതാളത്തിനോത്ത്പൂങ്കുലകുലുക്കിക്കൊണ്ടാണ്തുള്ളുന്നത്. ഇങ്ങനെയുള്ളഈതുള്ളലിനുശേഷംകളംമായ്ക്കുന്നു.

തിരുവാതിരകളി

തിരുവാതിരകളി'ലാസ്യം'എന്നഅഭിനയശാഖയിൽപെടുന്നു.
പാർവതീദേവിതപസനുഷ്ഠിച്ചത്തിന്റെഫലമായിശ്രീപരമേശ്വരൻപ്രത്യക്ഷപ്പെട്ട്ത
ന്റെപത്നിയാക്കിക്കോള്ളാമെന്നുവരദാനംനൽകിയത്ധനുമാസത്തിലെതിരുവാതി
രനാലിലാണ്.
ആദിവസംഅവിവാഹിതരായകന്യകമാർഭക്തിപൂർവ്വംആഘോഷിക്കുന്നഒരുചട
ങ്ങാണ്തിരുവാതിരക്കളി.
ധനുമാസത്തിലെതിരുവാതിരയ്ക്ക്ഏഴുദിവസംമുൻപെങ്കിലുംഅവർപാർവതി
ദേവിയെപാടുകൾപാടിആരാധിച്ച്ന്യത്തംവയ്ക്കുന്നു.
തിരുവാതിരനാളിൽനോമ്പുനോറ്റ്രാത്രിമുഴുവൻഅത്തരത്തിലുള്ളഉപാസനാപരി
പാടികൾഅനുഷ്ഠിക്കുകയുംചെയ്യുന്നു. ന്യത്തരൂപത്തിലാണ്ലാസ്യം.
ഒരുകേരളീയകലയാണെന്നുംഇതിന്ആത്മീയമായും, മാനസികമായും,
ശാരീരികമായുംപ്രയോജനമുള്ളഒരുകലയാണ്തിരുവാതിരകളി.

തിരുവാതിരകളിയിലെവ്യത്യസ്തമായഒരിനമാണ്പിന്നൽതിരുവാതിര.
തെക്കൻകേരളത്തിൽമാത്രംപ്രചാരമുള്ളഒരുകലയാണ്പിന്നൽതിരുവാതിര.
ഇടക്കാലത്ത്അന്യംനിന്ന്പോയിരുന്നുവെങ്കിലുംപിന്നീട്ചിലരുടെപ്രയത്നത്തിന്റെ
ഫലമായിപിന്നൽതിരുവാതിരവീണ്ടുംഅരങ്ങുകൈയ്യടക്കിതുടങ്ങി.ശ്രീകൃഷ്ണന്റെ
ബാലലീലകളുംഅവരുടെകഥകളുംപറയുന്നപാട്ടുകൾപാടിഅവതരിപ്പിക്കുന്നക
ലാരൂപമാണ്പിന്നൽതിരുവാതിര.
മുകളിൽകെട്ടിയിരിക്കുന്നപലകയിൽകോർത്തിരിക്കുന്നചരടുകൾപാട്ടുപാടികളി
ക്കുമ്പോൾപിന്നിവരികയുംഅടുത്തപാട്ടുപാടിപിന്നൽഅഴിക്കുകയുംചെയ്യുന്നു.

ഭരതനാട്യം

ദക്ഷിണേന്ത്യയിലെ ശാസ്ത്രീയ നൃത്തരൂപമാണ് ഭരതനാട്യം. തമിഴ്നാട്ടിലെ ക്ഷേത്രങ്ങളിൽ നൃത്തം ചെയ്തിരുന്ന ദേവദാസികളുടെ നൃത്തമായിരുന്നതിനാൽ 'ദാസിയാട്ടം' എന്ന പേരിലാണ് ഈ നൃത്തരൂപം അറിയപ്പെടുന്നത്. ഭാവം, രാഗം, താളം എന്നിവയിലെ അടിസ്ഥാന തത്വങ്ങൾ ചേർന്നുണ്ടായതിനാൽ ഈ രൂപത്തിന് ഭരതനാട്യം എന്ന പേർ ലഭിച്ചു.

സദീർനൃത്തം എന്നും ഇത് അറിയപ്പെടുന്നു.തഞ്ചാവൂർ ആണ് ഭരതനാട്ട്യത്തിന്റെ ജന്മഗൃഹമെന്നു വിശ്വസിച്ചു പോരുന്നു. തഞ്ചാവൂർ സഹോദരൻമാർ എന്ന പേരിൽ വിഖ്യാതരായിട്ടുള്ള പൊന്നയ്യ, ചിന്നയ്യ, ശിവാനന്ദം, വടിവേലു എന്നിവരാണ് ദാസിയാട്ടത്തിന് ആധുനിക രീതിയിലുള്ള രൂപവും ഭാവവും നൽകിയത്.ദാസിയാട്ടം പിന്നീട് ഭരതനാട്യം എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങി.

നൃത്തം,നൃത്യം, നാട്യം, എന്ന ക്രമത്തിലാണ് ഭരതനാട്യത്തിലെ നൃത്തരൂപങ്ങൾ വേദിയിൽ അവതരിപ്പിക്കുന്നത്. അടവുകളേയും ഹസ്തമുദ്രകളെയും ആധാരമാക്കിയാണ് ഭരതനാട്യം രൂപകല്പന ചെയ്തിരിക്കുന്നത്. നാട്യശാസ്ത്രം, അഭിനയദർപ്പണം എന്നീ ശാസ്ത്രഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള തത്വങ്ങളാണ് ഇതിൽ

ഉൾപ്പെടുത്തിയിരിക്കുന്നത്. ഭരതനാട്യത്തിലെ അടിസ്ഥാന തത്വങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് അടവ്. ആശയാവിഷ്കാരം നടത്തുന്നത് ഭാവാഭിനയം, ഹസ്തമുദ്രകൾ എന്നിവയിൽ കൂടിയാണ്. അണിയറയിൽ മേളപ്രാപ്തി കഴിഞ്ഞ് വിഘ്നേശ്വര വന്ദനത്തോടെ ഭരതനാട്യം ആരംഭിക്കുന്നു. നടരാജ മൂർത്തിയേയും പൂജിക്കുന്നു.

അലാരിപ്പ്, ജതിസ്വരം, സബ്ദം, വർണ്ണം, പദം, കീർത്തനം, തില്ലാന,ജാവളി, അഷ്ടപതി, ശ്ലോകം എന്നിവയാണ് ഭരതനാട്യത്തിലെ പ്രധാന ഇനങ്ങൾ.

ഉദയനാപുരം പഞ്ചായത്തിലെ കയർ തൊഴിലാളികൾ

ശശിധരൻ , വലിയപറമ്പിൽ
സോമേഷ് , പറമ്പത്ത് പടിയിൽ
സിജി, കോണിപ്പറമ്പിൽ
സുരേഖ, പടിഞ്ഞാറേകാട്ടുങ്കൽ
കമലാക്ഷി, പുത്തൻ തറയിൽ
മനോഹരൻ ,അഞ്ച്ഒടിയിൽ
സദാനന്ദൻ, രാമന്തറയിൽ
ശേഖരൻ ,വടയരുകിൽ
രാജേന്ദ്രൻ, പുലിത്തുരുത്തിൽ
വാവ, വടയരുകിൽ
മോഹനൻ , മല്ലൂത്തറ
സതി, നെടിയതറയിൽ
കുമാരൻ, വട്ടൂത്തറ
ലാലു, കിഴക്കേപട്ടറയ്ക്കൽ
ദാനവൻ, പുതിയമംഗലത്ത്
ബാബു, ലക്ഷംവീട്
ദാക്ഷായണി, പുത്തൻ തറയിൽ
സുമരാജപ്പൻ, മുപ്പതിൽ
സജിനി, പണ്ടാരത്തറയിൽ
കമലം,പരുത്തിത്തറ
ആനന്ദവല്ലി കൃഷ്ണൻ, ദ്വാരക
ഗിരിജ , കോണിപ്പറമ്പിൽ
ജാനകി, നേടിയേഴത്തറ
പ്രസന്നൻ ,പറമ്പത്ത്പടവിൽ
മേരിമാത്യു, കരീത്തറ

സുധാ,ഭൂഷണൻ,പുളിഞ്ഞനാട്
മഹേശൻ, ഭീമൻചിറ
ലാളപ്പൻ ,പറമ്പത്ത്പടവിൽ
മഞ്ജുഷ, പരുത്തിത്തറ
ബാബു,കൊച്ചുതറ
രാജപ്പൻ,ചുണ്ടൻതറയിൽ
ശിവദാസൻ, പടിഞ്ഞാറത്തറ
ഗീതമോൾ, ഭീമൻ ചിറ
ഷീജ, ലക്ഷ്മി നിവാസ്
പ്രഭാകരൻ, കൈനരിക്കൽ
സുധാകരൻ, മൂന്നുതെങ്ങുംതറ
ലംബോധരൻ, വട്ടപ്പടവിൽ
ഷാജി, തറയിൽ
മാധവൻ, രാമന്തറ
വാസു, പടിഞ്ഞാറെ ഉപ്പു കൂട്ടും തറ
പ്രസാദ്, മുണ്ടയ്ക്കൽ
സുഗതൻ,ഏറ്റുപറ
സോമൻ, പറമ്പത്ത് പടവിൽ
ആനന്ദവല്ലി, പത്തിച്ചിറസംബൻ, മുണ്ടയ്ക്കൽ
ദാനവൻ, വാഴാത്തറ
രാജി രാജേഷ്, കളത്തിൽ
ബാബു, വാഴത്തറ
നന്ദകുമാർ, എൺപത്തിൽ
വത്സല മനോഹരൻ,വടക്കേത്തറ

ശില്പ കലാകാരൻ

ശില്പകലയിൽഏറെപ്രാവിണ്യംഉള്ളഒരുവ്യക്തിയാണ്ഉദയനാപുരംപഞ്ചായത്തിൽനേരേകടവിൽതാമസിക്കുന്നസാനു.
അദ്ദേഹംശില്പങ്ങൾചെയ്യുന്നത്കളിമണ്ണിൽചെയ്തശേഷംഅത്പലരീതിയിലോട്ടുമാറ്റിയാണ്.പ്രധാനമായുംകളിമണ്ണിൽചെയ്ത്ചുട്ടെടുത്തശില്പങ്ങൾ ഉണ്ടാക്കാറുണ്ട്,തടിയിൽ നേരിട്ട് കൊത്തുപണികൾ ചെയ്ത് ശില്പങ്ങൾ ഉണ്ടാക്കുന്നു. ക്ലെയിൽ ചെയ്തത്തിനുശേഷം അത് പിന്നീട് ഫൈബർ ഗ്ലാസിലേക്ക് കാസ്റ്റ് ചെയ്തും ചിത്രങ്ങൾ നിർമ്മിക്കുന്നു, ക്ലെയിൽ ചെയ്തശേഷം ലോഹങ്ങളിലെക്ക് മാറ്റിയും ചിത്രങ്ങൾ ഉണ്ടാക്കുന്നു. സിമന്റിൽ നേരിട്ടും ചിത്രങ്ങൾ ഉണ്ടാക്കുന്നു.